

The Malankara Orthodox Syrian Church

# GREGORIAN VOICE

2011 Jan 1-15
VOL. 1 ISSUE. 15

OFFICIAL ONLINE JOURNAL


E-mail: editor@gregorianvoice.com, Website: www.gregorianvoice.com
Ph: 0479-2312328, 2312202, Mob: 9447277690


**മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ**



**പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

**പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അഞ്ചാം ചരമ വാർഷികം**

**മാർ ഏലിയാ ചാപ്പൽ, ശാസ്താംകോട്ട**



## മഹാ പുരോഹിത സന്ദേശം

വാത്സല്യമക്കളെ!

പുതുവത്സരത്തെ സ്വാഗതം ചെയ്യുമ്പോൾ നാം പിന്നിലേക്കും മുന്നിലേക്കും നോക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ മാത്രമല്ല, കഴിഞ്ഞകാല ജീവിതത്തെ മുഴുവനായി പരിശോധിക്കണം. നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം. തെറ്റുകളും കുറ്റങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുകയും, അവ ആവർത്തിക്കാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

മുന്നിലേക്ക് നോക്കുന്നത് ഭാവിയെക്കുറിച്ചുള്ള പ്രത്യാശയോടെ ആയിരിക്കണം. ഉത്തമമായ ലക്ഷ്യത്തോടെയുള്ള സജീവമായ പ്രവർത്തനവും മുടങ്ങാത്ത പ്രാർത്ഥനയും ജീവിതത്തെ സന്തോഷപ്രദമാക്കും.

എന്റെ നാളുകൾ നെയ്ത്തോടത്തിലും വേഗതയുള്ളത്; പ്രത്യാശ കൂടാതെ അവ കഴിഞ്ഞു പോകുന്നു (ഇയ്യോ 7:6) എന്ന വാക്കുകൾ മറക്കാതിരിക്കുക. ശാസ്താംകോട്ടയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെയും, ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന തിരുമേനിമാരുടെയും ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ പ.സഭാ മക്കളെ നാം ആഹ്വാനം ചെയ്യുന്നു.

ഭാരതം വീണ്ടും ഒരു റിപ്പബ്ലിക് ദിനം കൂടി ആചരിക്കുകയാണല്ലോ. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കുവാൻ നമ്മുടെ രാജ്യത്തിന് കഴിഞ്ഞു എന്ന് അഭിമാനിക്കാം. പക്ഷേ വർദ്ധിച്ചു വരുന്ന അസമത്വവും, അഴിമതിയും ഉത്കണ്ഠ ഉളവാക്കുന്നു. മഹാത്മാഗാന്ധിയുടെ ചരമദിനം ആചരിക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്തായ മാതൃക പിന്തുടർന്ന് അഹിംസാമാർഗ്ഗത്തിലൂടെ ലക്ഷ്യപ്രാപ്തിക്കായി ശ്രമിക്കുകയാണ് കരണീയം എന്ന് നാം മറക്കരുത്. ഗാന്ധിസത്തിന്റെ പ്രസക്തിയും പ്രാധാന്യവും വർദ്ധിക്കുകയാണെന്ന് നാം തിരിച്ചറിയേണ്ട സമയം വൈകിയിരിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ
*15 - 01 - 2011*

Editorial

# സുവിശേഷയോഗങ്ങളും പൗരസ്ത്യ ആദ്ധ്യാത്മികതയും



കേരളത്തിലൂടെ ബസിൽ യാത്ര ചെയ്യുന്ന ആരേയും ആകർഷിക്കുന്ന ഒന്നാണ് വഴിനീളെയുള്ള സുവിശേഷയോഗപന്തലുകളും കമാനങ്ങളും. മധ്യതിരുവിതാംകൂറിലാണ് ഇവ ഏറ്റവുമധികം കാണപ്പെടുന്നത്. പ്രത്യേകിച്ച് ജനുവരിമുതൽ മാർച്ചുവരെയുള്ള സമയം. സന്ധ്യായോഗങ്ങൾ ഇല്ലാത്ത സ്ഥലങ്ങൾ വിരളമാണെന്നുതന്നെപറയാം. ഇതിൽ ക്രൈസ്തവ സഭകൾ എല്ലാം തന്നെ വിജയകരമായി പ്രർത്തിക്കുന്നുണ്ട്. ഹൈന്ദവരും, മുസ്ലീങ്ങളും കൂടി ഈ രംഗത്തേക്ക് പ്രവേശിച്ചുകഴിഞ്ഞു എന്നുപറയുമ്പോൾ കേരളത്തിന്റെ സാമൂഹിക രംഗത്ത് കൺവൻഷൻ യോഗങ്ങൾക്കുള്ള പ്രസക്തി എന്താണെന്ന് വ്യക്തമാകും.

ബൈബിൾ കൺവൻഷൻ എന്ന ആശയം പ്രോട്ടസ്റ്റന്റ് സഭകളുടെ പ്രത്യേകിച്ചും അമേരിക്കയിൽ വേരുകളുള്ളവയുടെ സംഭാവനയാണെന്നു വേണം മനസ്സിലാക്കുവാൻ. പെന്തക്കോസ്തുസഭകളും, നവീന കരിസ്മാറ്റിക് സമൂഹങ്ങളും രംഗത്തിറങ്ങിയതോടുകൂടി ബൈബിൾ കൺവൻഷന് ബൃഹത്തായ സദസ്സുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കത്തോലിക്കാസഭ ഈ രം ഗത്ത് പ്രവേശിച്ചിട്ട് അധികനാളുകളായിട്ടില്ലായെങ്കിലും ശ്രദ്ധേയമായ പ്രവർത്തനമാണ് അവർ കാഴ്ചവച്ചിട്ടുള്ളത്. ചുരുക്കത്തിൽ, പ്രോട്ടസ്റ്റന്റ് മിഷനറിമാരുടേയും, നവീന കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടേയും സ്വാധീനം കത്തോലി ക്കാ സഭയെയും ഓർത്തഡോക്സ് സഭയെയും എപ്രകാരം വ്യതിയാനപ്പെടുത്തി എന്നുള്ളത് ആഴമായി പഠിക്കേണ്ട ഒരു വിഷയം തന്നെയാണ്. ഗുണപരമായി പറഞ്ഞാൽ മാർത്തോമ്മാ സഭയുടെ നേതൃത്വത്തിൽ ഒന്നരനൂറ്റാണ്ടായി നടന്നുവരുന്ന മാരാമൺ കൺവൻഷനോ ടും കുമ്പനാടു നടന്നുവരുന്നപെന്ത ക്കോസ്തു കൺവൻഷനോടുംകിട പിടിക്കത്തക്കതായി തീർന്നിരിക്കു ന്നു കല്ലൂപ്പാറ സിറിയൻ കൺവൻ ഷനും, ചുങ്കത്തറ കൺവൻഷനുമൊക്കെ.തിരുവല്ല സെൻട്രൽ കൺ വൻഷനും ചുരുങ്ങിയ കാലംകൊ ണ്ട് ജനശ്രദ്ധയാകർഷിച്ചുകഴി ഞ്ഞു.

എന്തൊക്കെയാണ് കൺവൻഷ ൻ യോഗങ്ങളുടെ പ്രധാന ഉദ്ദേശങ്ങൾ? ഞായറാഴ്ച ആരാധനയിലും, ആത്മീയ പ്രസ്ഥാനങ്ങളുടെ യോഗങ്ങളിലും ലഭിക്കാത്ത ഒരു വേദിയാണ് കൺവൻഷൻ പന്തലുകളിൽ ലഭിക്കുന്നത്. സുവിശേഷ ഗാനങ്ങളുടെ ആലാപനവും, ഒരു ദീർഘനേര പ്രസംഗവും, പ്രാർത്ഥനകളുമടങ്ങുന്ന കൺവൻഷൻ യോഗത്തിന്റെ കേന്ദ്രബിന്ദു ഒരു മണിക്കൂറിലധികം നീളുന്ന പ്രസം ഗം തന്നെയാണ്. ഗാനശുശ്രൂഷയിലൂടെ ശ്രോതാക്കൾ ഒരുക്കപ്പെടുകയും സമാപനപ്രാർത്ഥനയിലൂടെ അവർദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുകയും ചെയ്യുന്നു. മിക്ക പ്രസംഗങ്ങളും ഏതെങ്കിലും വേദഭാഗത്തെ കേന്ദ്രമാക്കിയുള്ളതായതിനാൽ ജനങ്ങളുടെ വേദവിജ്ഞാനം വർദ്ധിക്കുന്നത് കൺവൻഷൻ യോഗങ്ങളിലൂടെയാണ് എന്നുള്ളതിൽ തർക്കമില്ല. പ്രധാനമായും നാലുതരത്തിലുള്ള പ്രസംഗങ്ങളാണ് ഇന്നു നടന്നുവരുന്നത്.

1. തിരഞ്ഞെടുക്കുന്ന വേദഭാഗത്തിന്റെ പശ്ചാത്തലവും അർത്ഥവ്യാപ്തിയും വിശദമാക്കുന്നതാണ് ഒന്നാമത്തെ രീതി. ഇതിനെ വ്യാ ഖ്യാനാത്മകശൈലി (Exegetical) എന്നുവിളിക്കാം. വേദപുസ്തകത്തിലെ ഏതുഭാഗമാണോ തിരഞ്ഞെടുക്കുന്നത് ആ ഭാഗം അടങ്ങിയിരിക്കുന്ന പുസ്തകത്തെ സംബന്ധിച്ചും, ഗ്രന്ഥകാരനെ സം ബന്ധിച്ചും, സുപ്രധാനങ്ങളായ രണ്ടോ മൂന്നോ ആശയങ്ങളെപ്പ റ്റിയും വിശദികരിക്കുന്ന പ്രസംഗകൻ ആനുകാലിക ജിവിതവുമായി അവയെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നത് സാധാരണമാണ്.

2. സഭയുടെ വിശ്വാസസംഹിതകളെ ജനങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങളാണ് (Dogmatic) ചിലർ നടത്തുന്നത്. ഏതൊരു സഭയുടേയും നിലനില്പിനെ ബാധിക്കുന്ന വിഷയമാകയാൽ മറ്റു സഭകളുടെ വിശ്വാസഘടനയുമായി താരതമ്യപ്പെടുത്തുകയും, ചിലപ്പോഴെങ്കിലും പരിഹാസങ്ങൾ നടത്തുകയും ചെയ്യുന്നത് ഇക്കൂട്ടരുടെ രീതിയാണ്. വിശ്വാസ സംബന്ധിയായി തിരഞ്ഞെടുക്കപ്പെടുന്ന വിഷയങ്ങൾ അംഗുലീപരിമിതവും പലപ്പോഴും ആവർത്തനവിരസതയുളവാക്കുന്നതുമാണ്. മനുഷ്യന്റെ രക്ഷയെ സംബന്ധിച്ചും രക്ഷകനായ ക്രിസ്തുവിനെ സംബന്ധിച്ചും വി. സഭയെ സംബന്ധിച്ചുമു ള്ള പ്രസംഗങ്ങൾ വളരെ കുറവാ ണ് നടക്കുന്നത് എന്നു തന്നെ പറയാം. ഓർത്തഡോക്സ് കൺവൻഷനുകളിൽ മിക്കപ്പോഴും മറ്റുള്ളവരുടെ ആരോപണങ്ങൾക്ക് മറുപടി പറയുവാനും, സഭയിൽ നിന്ന് നവീന സഭകളിലേക്കുള്ള ഒഴുക്കുതടയാനുമുള്ള വ്യഗ്രത കൂടുതലായതിനാൽ പൗരസ്ത്യആദ്ധ്യാത്മികതയെപ്പറ്റിയോ, അടിസ്ഥാന വിശ്വാസപ്രമാണങ്ങളെപ്പറ്റിയോ വേണ്ടവണ്ണം ചർച്ചകൾ നടക്കുന്നില്ല. ക്രിസ്തുവിന്റെ രണ്ടാംവരവും ന്യായവിധിയുമൊക്കെ ഇന്ന് ഒരു സഭയുടേയും സുവിശേഷപ്രസംഗകർ പരാമർശിക്കുന്നില്ല. ഈ ലോ കത്തിലെ രോഗശാന്തിയും സമാധാനവുമൊക്കെ ചർച്ചചെയ്തിട്ട് പരലോകത്തെപ്പറ്റി പറയുവാൻ എവിടെ സമയം?

3. സാമൂഹിക വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രസംഗങ്ങളാണ് (Socially Oriented) മൂന്നാമത്തെ ഇനം. ഇവിടെ സാമൂഹികനീതി, കുടുംബങ്ങളുടെ ഭദ്രത, മദ്യപാനം പോലെയുള്ള വിപത്തുകളെപ്പറ്റിയുള്ള മുന്നറിയിപ്പ് എന്നിവയൊക്കെയാണ് പ്രധനവിഷയങ്ങൾ. ഇവ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളാകയാലും, മാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണങ്ങളിലും വളരെ ചർച്ചചെയ്യപ്പെടുന്നവയാകയാലും ശ്രോതാക്കൾ ഇഷ്ടപ്പെടുന്നവയും ഇത്തരം പ്രസംഗങ്ങളാണെന്നുള്ളതാണ് വാസ്തവം. എന്നാൽ നല്ല തയ്യാറെടുപ്പ് നടത്താതെ ഇവ അവതരിപ്പിച്ചാൽ പ്രസംഗകൻ ബുദ്ധിമുട്ടിലാകും എന്നുള്ളത് തീർച്ചയാണ്.


## EDITORIAL BOARD

**PRESIDENT**
**H.H. Baselios Marthoma Paulose II**
*Catholicos of the East*

**VICE - PRESIDENTS**
**Dr. Yuhanon Mar Chrisostomos**
**Dr. Zacharia Mar Aprem**

**CHIEF EDITOR**
**Fr. Dr. Reji Mathews**

**MANAGING EDITOR**
**Fr. M.D. Yuhanon Ramban**

**EDITORS**
**Fr. Yuhanon John *(Head Quarters)***
**Asish Punnoose *(Outside India)***

**SUB EDITORS**
**Fr. E.M. Philip**
**Dr. Siby Tharakan**
**Jacob Oommen**

**MEMBERS**
**Fr. Alexander Abraham**
**Fr. P.A. Philip**
**Fr. Thomas Amayil**
**Thomas Kuruvila**
**Dr. Saramma Varghese**
**Priya Jacob**
**Adv. Jaicy Karingattil**


4. കാൽ നൂറ്റാണ്ടിലധികമായില്ല കരിസ്മാറ്റിക് (Charismatic) കൺവൻഷനുകൾ ആരംഭിച്ചിട്ട്. പരിശുദ്ധാത്മാവിനെപ്പറ്റിയും ആത്മീയനൽവരങ്ങളെപ്പറ്റിയും ഒക്കെയാണ് ഇത്തരം പ്രസംഗയോഗങ്ങളിൽ ചർച്ച ചെയ്യുന്നത്. അതിൽതന്നെ മറുഭാഷ പറയുന്നതിനായിരുന്നു ആദ്യകാലങ്ങളിൽ മുൻഗണന ലഭിച്ചിരുന്നത്. എന്നാൽ ഇന്ന് രോഗശാന്തി നൽവരത്തിനാണ് കൂടുതൽ ഊന്നൽ ലഭിക്കുന്നത്. കത്തോലിക്കാ സഭ ഔദ്യോഗികമായി ഇത്തരം പ്രസംഗങ്ങളെ പ്രോത്സാഹിപ്പിച്ചതോടുകൂടി ഇതിന്റെ പ്രസിദ്ധി വളരെ വർദ്ധിച്ചു. ഓർത്തഡോക്സ് സഭ ഇപ്പോഴും ഈ വിഷയത്തെപ്പറ്റിയുള്ള ചർച്ചകളിൽ വളരെ സൂക്ഷിച്ചാണ് മുന്നോട്ടുപോകുന്നത്.

പ്രസംഗങ്ങൾ ഏതു തരത്തിലായാലും സഭ പുസ്തകവരവും, യേശുക്രിസ്തുവിലൂടെ മനുഷ്യന് ലഭിക്കുന്ന രക്ഷയുടെ അനുഭവത്തെപ്പറ്റിയും ഉള്ള ഊന്നൽ വിട്ടുപോകാ തെ സൂക്ഷിക്കുകയെന്നത് ഏതൊ രു പ്രസംഗകനും ശ്രദ്ധിക്കേണ്ട സംഗതിയാണ്. റിയാലിറ്റി ഷോകൾ വർദ്ധിച്ചു വരുന്ന ഇക്കാലഘട്ടത്തിൽ പ്രസംഗകർ ആനുകാലിക സംഭവങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതും, ഫലിതങ്ങൾ ഉൾക്കൊള്ളിക്കുന്നതും സ്വാഭാവികമാണെങ്കിലും സുവിശേഷപ്രസംഗങ്ങൾ വെറും വിനോദപരിപാടിയായിമാത്രം (Entertainment) തരംതാഴുന്ന ത് ശരിയല്ല. യേശു ക്രിസ്തുവിന്റെ പ്രസംഗരീതിയാണ് ഏതൊരു സുവിശേഷ പ്രസംഗകനും മാതൃകയാക്കേണ്ടത്. അതിൽ ആനുകാലിക വിഷയങ്ങൾ ചർച്ചാവിഷയമാകുന്നുവെങ്കിലും ശ്രോതാക്കളുടെ വൈകാരികമായ സംതൃപ്തിയെക്കാൾ യേശു ശ്രദ്ധിച്ചത് മാനസികവും ആത്മീകവുമായ രൂപാന്തരമാണ്. ഓരോ പ്രസംഗവും ശ്രോതാവിനെ ചൊടിപ്പിക്കുകയും, നോവിക്കുകയും പുതിയ തീരുമാനങ്ങളിലേക്ക് നയിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളാണ് മനുഷ്യരുടെ ഹൃദയത്തിൽ ആഞ്ഞുപതിക്കേണ്ടത്. കേൾവിക്കാർ നീതിബോധമുള്ളവരായിത്തീരുകയും, സാമൂഹിക തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നിലപാടുകൾ എടുക്കുകയും ചെയ്യുവാൻ കൺവൻഷൻ പന്തലുകൾ വേദിയൊരുക്കണം. പ്രസംഗകന്റെ കീർത്തിയെക്കാളും മുൻഗണന ലഭിക്കേണ്ടത് നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിനാണ്. പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം ആരാധനയാണ് സുവിശേഷീകരണത്തിന്റെ യഥാർത്ഥവേദി, ദൈവത്തെ അനുനിമിഷം ആരാധിച്ചുകൊണ്ടിരിക്കുന്ന സ്വർ ഗ്ഗീയ മാലാഖമാരുടെ ഗണത്തിലേ ക്ക് മനുഷ്യർ പ്രവേശിക്കേണ്ടതിന് സുവിശേഷയോഗങ്ങൾ മുഖാന്തിരങ്ങളായിത്തീരട്ടെ. ദൈവവചനത്തെപ്പറ്റി എബ്രായ ലേഖനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേർവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു . ( എബ്രായർ 4:12)

**ഫാ. ഡോ. റജി മാത്യു**
*(ചീഫ് എഡിറ്റർ)*

# ദാമ്പത്യമെന്ന തപസ്



ഫാ. ഡോ. കെ. എം. ജോർജ്

കുരിശു കണ്ടാൽ ആരെങ്കിലും ക്രിസ്തുവിനെ ഓർമിക്കുമോ? എന്ന് മിക്കവർക്കും അത് ക്രിസ്തു മതത്തിന്റെ ചിഹ്നമാണ്. ഓർമ്മശേഷിയെ അല്പം ആയാസപ്പെടുത്തിയെങ്കിലേ കുരിശിൽ നിന്ന് ക്രിസ്തുവിലേക്കുള്ള വഴി കണ്ടെത്താനാവുകയുള്ളു പലർക്കും. ക്രിസ്തുവിനെ എല്ലാവർക്കും ഇഷ്ടമാണ്. ക്രിസ്തുമതത്തെയും അതിന്റെ ചിഹ്നമായി മാറിയ കുരിശിനെയും എല്ലാവർക്കും ഒരുപോലെ ഇഷ്ടമല്ല. കാരണം പലരുടെയും നോട്ടത്തിൽ ലോകത്തിൽ വിജയം നേടിയ ഒരു ആഗോള വ്യവസ്ഥാപിത മതസംഘടനയുടെ ബിസിനസ്സ് ലോഗോ ആണ് കുരിശ്. ക്രിസ്തു ആ സംഘടനയ്ക്ക് അന്യനും. ക്രിസ്ത്യാനികൾക്ക് ആത്മപരിശോധനയ്ക്ക് ഇത് ധാരാളം മതി.

ക്രിസ്തുവിന്റെ കാലത്തെ റോമാക്കാർക്ക് കാഴ്ചപ്പാട് വേറൊന്നായിരുന്നു. കുരിശ് കുറ്റവാളികളെ പീഡിപ്പിച്ച് കൊല്ലാനുള്ള ഉപകരണമായിരുന്നല്ലോ അവർക്ക്. അതുകൊണ്ട് കുരിശ് കുറ്റവും ശാപവും നിന്ദയും ക്രൂരതയും പീഢനവും നിലവിളിയും വേദനയും മരണവും ഒക്കെ ധ്വനിപ്പിച്ചു.

കുരിശിന്റെ ആദ്യകാല വായനകൾ ഇതെല്ലാം ഏറ്റുവാങ്ങി. കുറ്റവാളിയായി നമുക്കുവേണ്ടി ക്രിസ്തു നിന്ദിതനും അഭിശപ്തനുമായിത്തീർന്നു. അതിക്രൂരമായ പീഢനങ്ങൾ സഹിച്ചു. നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി കുരിശിൽ മരിച്ചു.

അങ്ങനെ കുരിശ് ക്രിസ്തുവിന്റെ അനുയായികൾക്ക് രക്ഷയുടെ ചിഹ്നമായി, സഹനത്തിന്റെയും ത്യാഗത്തിന്റെയും അടയാളമായി.

**കുരിശെന്ന മരം**

കുരിശിന് ബൈബിളിൽ പ്രമുഖമായൊരു പര്യായപദമുണ്ട് - മരം. അവർ അവനെ മരത്തിന്മേൽ തൂക്കിക്കൊന്നു. (അപ്പോ.പ്ര.10:39).

കുരിശുമരം, സ്ലീബാമരം എന്നൊക്കെ നാം ഭാഷയിൽ പ്രയോഗിക്കാറുണ്ടല്ലോ. വളരെ വലുതാണ് മരത്തിന്റെ പ്രതീകശേഷി. സ്വർഗ്ഗത്തെയും ഭൂമിയെയും സംയോജിപ്പിക്കുന്ന ലോകത്തിന്റെ അച്ചുതണ്ട് മനുഷ്യവർഗ്ഗത്തിന്റെയും ഏറ്റം പുരാതനമായ മിത്തുകളിൽ ഒന്നാണ്. പ്രപഞ്ചം മുഴുവൻ ഒന്നായിരുന്ന അവസ്ഥയെക്കുറിച്ചുള്ളതാണ് ആദി ദർശനം. എന്നാൽ നമ്മുടെ ഇപ്പോഴത്തെ അസ്തിത്വ യാഥാർത്ഥ്യം വേർപാടിന്റെ അനുഭവമാണ്. എല്ലാം പരസ്പരം വേർപെട്ടതും തമ്മിൽ വിരുദ്ധവും അന്യോന്യം ശത്രുതയുള്ളതുമായ അനുഭവം. യഹൂദ - ക്രൈസ്തവ പാരമ്പര്യത്തിൽ ഉല്പത്തി പുസ്തകത്തിലെ സൃഷ്ടികഥ ഈ പ്രാപഞ്ചിക പുരാണകഥയുടെ നല്ല ഉദാഹരണമാണ്.

ആദ്യസൃഷ്ടിയായി പറുദീസായിൽ ദൈവവും മനുഷ്യനും പ്രകൃതിയുമെല്ലാം സമ്പൂർണ്ണമായ ഐക്യത്തിലും അനുരഞ്ജനത്തിലുമാണ്. അവർക്കിടയിൽ വൈരുദ്ധ്യമോ അകൽച്ചയോ ഇല്ല. സൃഷ്ടിയുടെ താളക്രമം യാതൊരു ശ്രുതിഭംഗവുമില്ലാതെ അതിമധുരമായ സംഗീതം പോലെ സകലത്തെയും സമന്വയിപ്പിച്ചു.

എന്നാൽ, രണ്ടാം ഘട്ടത്തിൽ സ്വരഭംഗമുണ്ടാകുന്നു. ദൈവവും മനുഷ്യനും തമ്മിൽ അകലുന്നു. മനുഷ്യനും മറ്റു ജീവജാലങ്ങളും തമ്മിൽ ശത്രുതയിലാവുന്നു. സ്വന്തം സഹോദരനെ കൊല്ലുകയും മുള്ളും പറക്കാരെയും വളരുന്ന ഭൂമിയിൽ മനുഷ്യൻ ഗതിയില്ലാതെ അലയുകയും ചെയ്യുന്നു. സ്വർഗ്ഗം അങ്ങു മുകളിലാണ്. ഭൂമി ഇങ്ങു താഴെയും.

**സ്വർഗ്ഗത്തിലേക്ക്**

ബന്ധമറ്റുപോയ സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന എന്തോ ഒന്നിനായി അന്നുമുതൽ മനുഷ്യൻ അന്വേഷണം തുടങ്ങി. നഷ്ടപ്പെട്ടുപോയ സുവർണ്ണബാന്ധവത്തെക്കുറിച്ച് ഗൃഹാതുരതയോടെ മനുഷ്യൻ മനനം ചെയ്തു. അപ്പോൾ മനുഷ്യർക്ക് കിട്ടിയ പിടിവള്ളിയാണ് മരം. താഴെ ഭൂമിയിലാണ് മുളയ്ക്കുന്നത്. എങ്കിലും അതിന്റെ ഗതി മുകളിലേക്കാണ്.

ഒരിക്കൽ സൺഡേസ്കൂൾ കുട്ടികളോട് ഒരു പ്രസംഗത്തിനിടെ സാന്ദർഭികമായി ചോദിച്ചു. മരങ്ങൾ എങ്ങോട്ടാണ് വളരുന്നതെന്ന് പറയാമോ?.

മുതിർന്ന ക്ലാസ്സിലെ കുട്ടി ചാടിയെഴുന്നേറ്റു പറഞ്ഞു: സൂര്യന്റെ നേരെ. അതിലും ചെറിയ ഒരു കുട്ടി പറഞ്ഞു മുകളിലേക്ക്.

അപ്പോൾ തീരെച്ചെറിയ നാലുവയസ്സുകാരി ലക്ഷ്മി എന്ന മിടുക്കികുട്ടി ചെറിയ ശബ്ദത്തിൽ പറഞ്ഞു: സ്വർഗ്ഗത്തിലേക്ക്. ഏതാണ് ശരിയുത്തരം?.

എല്ലാ ഉത്തരങ്ങളും ശരിതന്നെ. ആദ്യത്തേത് ശാസ്ത്രീയമായ ഉത്തരം. എല്ലാ മരങ്ങളും സൂര്യനു അഭിമുഖമായി വളരുന്നു. ആ കുട്ടി ക്ലാസിൽ പഠിച്ചതാണത്. രണ്ടാമത്തേത് സാമാന്യ ബുദ്ധിയുടെ ഉത്തരം. മരങ്ങളെല്ലാം മുകളിലേക്ക് വളരുന്നു. കുട്ടി സ്വന്തമായി നിരീക്ഷിച്ചറിഞ്ഞതാവണം. മൂന്നാമത്തെയാണ് ഏറ്റവും ശരിയുത്തരം എന്നു തോന്നുന്നു. മരങ്ങൾ സ്വർഗ്ഗത്തിലേക്ക് വളരുന്നു.

സ്കൂളിൽ പോയി പാഠപുസ്തകം പഠിച്ചു തുടങ്ങാത്ത കുട്ടിക്ക് മാത്രമേ അത് പറയാനാവൂ. വലിയ ബൗദ്ധിക - ശാസ്ത്രീയ സംസ്കാരങ്ങളൊക്കെ ഉയരുന്നതിനു മുമ്പ്, മനുഷ്യരാശിയുടെ അതിപ്രാചീനമായ ബോധവും ഉത്തരവുമാണത്. അക്ഷരം പഠിക്കാത്ത കൊച്ചുകുട്ടികളിൽ ആ ഉൾക്കാഴ്ച നിലനിൽക്കുന്നു. അക്ഷരം പഠിക്കുന്നതോടെ ഉൾക്കാഴ്ചയുടെ ചക്രവാളം ചുരുങ്ങുന്നു മിക്കവരിലും.

സ്വർഗ്ഗത്തെയും ഭൂമിയെയും ഒന്നാക്കുന്നത് മരമാണെന്ന പുരാതനസങ്കല്പമാണ് കുരിശുമരത്തിന്റെ പ്രതീകശേഷി. ഈ ചിന്തയെ മനസ്സിൽ ആവാഹിച്ചുകൊണ്ട്, വളരെ വലിയ ഒരു മരത്തിന്റെ ചുവട്ടിൽ, അതിന്റെ തായ്ത്തടിയോടു ചേർന്നു നിന്നുനോക്കണം. എന്തൊരാശ്വാസവും ഊർജ്ജവുമാണ് അത് നൽകുന്നത്. മരത്തിന്റെ ചുവട്ടിൽ നിൽക്കുന്നയാൾക്ക് മാനംമുട്ടെ വളരുന്നതായി തോന്നും.

മരത്തെക്കാൾ വലിയൊരു കെട്ടിടത്തിന്റെ ചുവട്ടിൽ നിന്നുനോക്കു. നിങ്ങൾ ചെറുതാകുന്നതായി തോന്നും. കെട്ടിടം നിങ്ങളെ കൊച്ചാക്കും, പരിഹസിക്കും. അതിനു ജീവനില്ലല്ലോ. തണുത്ത ഇരുമ്പിലും കോൺക്രീറ്റിലും മുട്ടിനിന്നാൽ, നിങ്ങളുടെ ശരീരം മരവിക്കും. ജീവനുള്ള മരച്ചുവട്ടിൽ അങ്ങനെയല്ല. അവിടെ ഊഷ്മളമായ ചൈതന്യമുണ്ട്.. അനന്തമായ ആകാശത്തിനും ദൃശ്യമായ ഭൂമിയ്ക്കും മദ്ധ്യേ ജീവജലത്തിന്റെ പ്രവാഹമാണ് മരത്തിനുള്ളിൽ. ഭൂമിയിൽ നദികളെല്ലാം മണ്ണിലൂടെ മാത്രം,





അതിനു സമാന്തരമായി ഒഴുകുന്നു. മരത്തിനുള്ളിൽ മണ്ണിനും വിണ്ണിനും പാലമായി ലംബമായി ഒഴുകുന്നു ജീവന്റെ ജലം. നദിയ്ക്കു കുറുകെയാണ് സാധാരണ പാലം. ഇവിടെ നദി തന്നെ പാലമായിത്തീരുന്നു. സ്വർഗ്ഗത്തിൽ നിന്നു പുറപ്പെട്ട് ഭൂമിയിൽ ഒഴുകുന്ന ഗംഗാപുരാണം ഓർക്കുക.

**വേരുകൾ**

ഒരു നിമിഷത്തിൽ മരവും നമ്മുടെ ശരീരവും ഒന്നായിത്തീരും. വേരുകളില്ലാത്ത നമ്മുടെ ശരീരം മരത്തിന്റെ വേരുകളിലൂടെ ഭൂമിയുടെ അഗാധതകളിലേക്കിറങ്ങും. അവിടെ നിഗൂഢമായ ജലസ്രോതസ്സുകളിൽ നാം എത്തിച്ചേരും.

മണ്ണിൽ പടരുന്ന വേരുകൾ ആദ്യമനുഷ്യന്റെ മൺമയമായ ശരീരത്തിലേക്കാണ് പടരുന്നത്. പുരുഷാന്തരങ്ങളിലൂടെ നമ്മുടെ വേരുകൾ സകല മനുഷ്യ വർഗ്ഗത്തിന്റെയും, മണ്ണിൽ നിന്നുളവാകുന്ന സർവ്വജീവജാലങ്ങളുടെയും ശരീരങ്ങളിലേക്ക് പടരുന്നു. മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രന്റെ ഭൗതികമായ വേരുകളും ഇവിടെത്തന്നെ. നമ്മുടെ ശരീരങ്ങളിലേക്ക് അവ പടരുന്നു. നാം അവന്റെ ശരീരത്തിലേക്കും. മണ്ണിന്റെ ആഴങ്ങളിൽ നടക്കുന്ന ഈ സങ്കലനവും സംസർഗ്ഗവും മനുഷ്യാവതാരത്തിന്റെ അന്തരാർത്ഥങ്ങളെ അനാവരണം ചെയ്യുന്നു. മണ്ണിനെ സ്വന്തം ശരീരമാക്കുന്നവന്റെ ശരീരത്തിലൂടെ നാം വിണ്ണുമായി ചേരുന്നു.

മരം നീണ്ടു നിവർന്ന്, വായുവിൽ ചില്ലകൾ വിടർത്തി, ആയിരമായിരം ഇലകൾ കാറ്റിൽ ചലിപ്പിച്ച് സൂര്യനിലേക്ക്, മുകളിലേക്ക്, സ്വർഗ്ഗത്തിലേക്ക് വളരുന്നു. കുരിശിന്റെ കരങ്ങൾ മരത്തിന്റെ ശിഖരങ്ങളാണ്. മുകളിലേക്ക് ഉയർത്തപ്പെട്ട് സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുന്ന ജീവന്റെ വൃക്ഷമാണത്. ആകാശത്തിലെ പറവകൾക്കെല്ലാം അത് കൂടും അഭയവും നൽകുന്നു. താഴെ മനുഷ്യർക്കും മൃഗങ്ങൾക്കും അത് തണലേകുന്നു. എല്ലാവർക്കും ഫലങ്ങൾ നൽകി, ജീവനെ പരിപോഷിപ്പിക്കുന്നു.

സൃഷ്ടിയുടെ തുടക്കത്തിൽ ജീവന്റെ വൃക്ഷം മനുഷ്യന് അഗമ്യമായി നിലകൊള്ളുന്നെങ്കിൽ, ചരിത്രത്തിൽ, മനുഷ്യപുത്രന്റെ ശരീരമായ ജീവവൃക്ഷവും അതിന്റെ ഫലവും സകലർക്കുമായി മുറിച്ചു നൽകപ്പെടുന്നു. ജീവന്റെ കൂടും, കൂരയും, തണലും, താങ്ങും, ആഹാരവും ആശ്രയവുമായിത്തീരുന്നു ആ മരം.

**വിജയസ്തംഭം**

ഉന്നതഗിരികളിലെല്ലാം കുരിശുനാട്ടാനുള്ള വ്യഗ്രതയുണ്ടല്ലോ. അത് കുരിശു യുദ്ധങ്ങളുടെ ബാക്കിപത്രമാണോയെന്ന് ചിന്തിക്കേണ്ടതാണ്. സകലത്തെയും ആക്രമിച്ച് കീഴടക്കാനുള്ള വന്യമായ ആസക്തിയോടെ വരുന്ന സൈന്യത്തിന് മുമ്പിൽ പിടിക്കാനുള്ളതാണോ കുരിശ്?. നിരായുധനായ മനുഷ്യപുത്രന്റെ താഴ്മയല്ലേ കുരിശിന്റെ താഴ്മ?.

ആ ത്യാഗവും സ്വയം വെറുമയാക്കലുമല്ലേ ക്രൂശിന്റെ മഹത്വം? അതെങ്ങനെ പടഹധ്വനിയോടെ വരുന്നവർക്ക് കൊടിയടയാളമാകും?

അതീവഹൃദ്യമായ നർമ്മമാണ് ഇറ്റാലിയൻ എഴുത്തുകാരനായ ജിയോവാനി ഗ്വാരേഷ്ക്കിയുടെ ഡോൺ കാമിലോ കഥകൾ. കടുത്ത യാഥാസ്ഥിതികനെങ്കിലും തെളിഞ്ഞ മനുഷ്യ സ്നേഹിയായ കത്തോലിക്കാ പാതിരി ഡോൺ കാമിലോ, തന്റെ സ്നേഹിതനെങ്കിലും വർഗ്ഗശത്രുവായ കമ്യൂണിസ്റ്റ് മേയർ പെപ്പോണിനെ കോപാവേശത്തിൽ അടിക്കാൻ ഒരുങ്ങുന്നു. കൈയ്യിൽ കിട്ടിയ ആയുധം അൾത്താരയിൽ വച്ചിരിക്കുന്ന വലിയ കുരിശാണ്. കുരിശിൽ തൂങ്ങികിടക്കുന്ന യേശുവിനോട് അച്ചൻ പറഞ്ഞു: കർത്താവേ, കുരിശിൽ മുറുകെപിടിച്ചോണേ, ഞാൻ ഇതുവച്ച് ഇവനിട്ട് ഒന്നു കൊടുക്കാൻ പോവുകയാണ്.

നർമ്മമാണെങ്കിലും അതിനുപുറകിൽ ഒരു ചരിത്ര വിമർശനമുണ്ട്. സഭയുടെ ലൗകിക സ്ഥാപിത താൽപര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടിവന്നാൽ കുരിശെടുത്ത് അടിക്കാനും സഭ ഒരുമ്പെട്ടിട്ടുണ്ട്. ഇങ്ങനെ കുരിശിനെ വിജയസ്തംഭവും ശത്രുസംഹാരമുദ്രയുമാക്കുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു.

മലമുകളിൽ നിൽക്കുന്ന മരംപോലെ, പരീക്ഷീണിതരായവർക്ക് തണലും വിശക്കുന്നവർക്ക് ഫലങ്ങളും സകല ജീവജാലങ്ങൾക്കും അഭയവുമാകുന്ന ജീവന്റെ മരമല്ലേ കുരിശ്? മുടന്തനും കുരുടനും, നിന്ദിതനും, പീഡിതനും പതിനൊന്നാം മണി സമയത്തെത്തുന്നവനും വാതിൽ തുറന്നിട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളമല്ലേ അതിനിസ്സാരമായ കടുകുമണിയിൽ നിന്ന് ഉയിർക്കൊണ്ട ആ വൃക്ഷം? അതെങ്ങനെ മറ്റുള്ളവർക്ക് ഭീഷണിയായി മാറുന്നു?

മരക്കുരിശ് വിജയത്തിന്റെ അടയാളമല്ലേ? തീർച്ചയായും അതെ, ജീവനെ നിത്യം ഭീഷണിപ്പെടുത്തുന്ന മരണത്തിന്മേലുള്ള വിജയം, പ്രകാശത്തിന്റെ കൂടാരങ്ങളിൽ കലക്കവും കന്മഷവും സൃഷ്ടിക്കുന്ന തിന്മയുടെ മേലുള്ള വിജയം.

അഹങ്കാരത്തിന്റെയും ആധിപത്യത്തിന്റെയും ചിഹ്നമല്ലിത്. സൗന്ദര്യത്തിന്റെ അലങ്കാരവുമല്ലത്. മനുഷ്യപുത്രന്റെ ശരീരം പോലെ, ഈ മരക്കുരിശ് അധിക്ഷേപവും തുപ്പലുമേൽക്കണം, എളിമയും നിസ്സാരതയും കൈവരിക്കണം. മനുഷ്യർക്ക് പരിഹാസ്യവും വിഡ്ഢിത്തവുമായ കുരിശിലാണ് നാം വിജയം ആഘോഷിക്കുന്നത്.

**ഔഷധമരം**

ചരിത്രത്തിന്റെ സമാപനദർശനത്തിൽ ആ ഹരിതശോഭയാർന്ന മരം ഓരോ മാസവും വ്യത്യസ്തമായ ഓരോ വിശിഷ്ടഫലം പുറപ്പെടുവിക്കുന്ന അത്ഭുത മരമായിത്തീരുന്നു. അതിന്റെ ഇലകൾ ജനതകൾക്ക് സൗഖ്യം നൽകുന്നു. ദിവ്യൗഷധമായി പരിണമിക്കുന്നു (വെളിപാട്. 22:2).

മാനംമുട്ടെ വളരുന്ന മരം, മണ്ണിനെയും മാനത്തെയും ഒന്നാക്കുന്നു. സൃഷ്ടിക്ക് നഷ്ടീഭവിച്ച താളവും ലയവും തിരിച്ചു കിട്ടുന്നു. സ്വർഗ്ഗത്തെയും ഭൂമിയെയും ഒന്നാക്കുന്ന മനുഷ്യപുത്രന് തലചായിക്കാൻ മരമല്ലാതെ മറ്റെന്താണുള്ളത്?

മരം സ്വയം പോഷകശേഷിയുള്ളതാണ്. അജൈവമെന്നു കരുതപ്പെടുന്ന മണ്ണിൽ നിന്ന് നേരിട്ട് മരം/സസ്യം ഭക്ഷണം സ്വീകരിക്കുന്നു. നമുക്കതാവില്ല, ഒരു ജീവിക്കും ആവില്ല. നമുക്കെല്ലാം സസ്യം വേണം. അല്ലെങ്കിൽ സസ്യം തിന്നുന്ന ജീവികളെകൊണ്ടു വേണം പോഷണം. ജീവന്റെ വൃക്ഷം സകലത്തെയും സ്വന്തം ശരീരത്തിൽ സ്വാംശീകരിക്കുന്നു. നമ്മുടെ മാലിന്യങ്ങളെയും. സകലത്തിനും വേണ്ടി സ്വന്തം ജീവനെ നൽകുന്നു. കുരിശാകുന്ന മരത്തിൽ മനുഷ്യപുത്രൻ അതാണല്ലോ ചെയ്തത്.

കുരിശു രൂപത്തിലുള്ള മരവും മനുഷ്യപുത്രനും തമ്മിൽ താദാത്മ്യപ്പെടുന്നുണ്ട്. കുരിശിൻ ചുവട്ടിൽ നിന്ന അമ്മയും ശിഷ്യഗണങ്ങളും ജീവവൃക്ഷത്തിന്റെ ചുവട്ടിലാണ് നിന്നത്. സ്വർഗ്ഗത്തോളം അവരും വളർന്നു. സ്വന്തം രക്ഷകനെ മാറിലേന്തിയ ആ മരം തന്നെ പിന്നെ രക്ഷയുടെ അടയാളമായിപരിണമിച്ചു. ആ അടയാളത്തെ വണങ്ങുന്നവർ രക്ഷകനായ ദൈവപുത്രനെ മനക്കണ്ണുകളാൽ കണ്ടുകൊണ്ടാണ് വണങ്ങുന്നത്. മരക്കുരിശിന്റെ മുദ്രയെ സ്വന്തം ശരീരത്തിൽ മനസ്സാ വരയ്ക്കുന്നവർ, മനുഷ്യപുത്രനെ ആദരപൂർവ്വം അതിഗാഢമായി ആലിംഗനം ചെയ്യുകയാണ്. അവരുടെ മജ്ജയും മാംസവും, ശ്വാസവും പ്രാണനും അവന്റേതാക്കി മാറ്റുകയാണ്.



വിശുദ്ധമായ മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കൂ. പ്രാണവായുവാകുന്ന ജീവശ്വാസം ഉൾക്കൊള്ളു. മലിമസമായ നമ്മുടെ ഉച്ഛ്വാസവായുവിനെ സ്വീകരിച്ച്, ജീവന്റെ ശ്വാസം നമുക്കു തിരിയെ നൽകാൻ ഈ മരത്തിനു കഴിയും. മനുഷ്യപുത്രൻ മരത്തിന്മേൽ, സ്വന്തം ശരീരത്തിൽ നാം വമിക്കുന്ന വിഷവാതകങ്ങളെയും വഹിച്ചു. സകല ജീവജാലങ്ങളോടുമൊപ്പം നാമൊരുമിച്ച് ശ്വസിക്കുന്ന അന്തരീക്ഷവായുവിനെ വിമലീകരിക്കുന്ന ഈ മരം ഭൂമിയുടെ ആവാസവ്യവസ്ഥയെ ഉർവരമാക്കി സർവ്വജീവനും മഹാസന്തോഷത്തെ അറിയിക്കുന്നു.

ആദിയിൽ ജീവവൃക്ഷത്തിന്റെ ചുവട്ടിൽ വച്ച് സ്രഷ്ടാവ് നമ്മെ മെനഞ്ഞപ്പോൾ, ആദ്യമനുഷ്യനായ ആദമെന്ന മൺകൂടാരത്തിലേക്ക് ഊതിക്കയറ്റിയ ജീവന്റെ ശ്വാസമാണത്. ആ കൂടാരത്തിനുള്ളിൽ തെളിഞ്ഞ നാളം ഒരു നാളും നമ്മിൽ അണയാതിരിക്കട്ടെ.

മറിയാമെന്ന മരുഭൂമിയിൽ നിന്ന് മുളച്ചുവന്ന്, തന്റെ സവിശേഷ സൗരഭ്യത്താൽ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും തിന്മയുടെ ദുർഗന്ധത്തെ അകറ്റിയ അനുഗ്രഹീത സസ്യമെന്ന് വിശേഷിപ്പിക്കപ്പെട്ട ദിവ്യ വൃക്ഷത്തിന്റെ സൗരഭ്യം നമ്മുടെ ഹൃദയങ്ങളിൽ കിനിഞ്ഞിറങ്ങട്ടെ.

# പൊതുപ്രവർത്തനം ശുശ്രൂഷയായി കണക്കാക്കണം–പ.കാതോലിക്കാ ബാവാ

ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവർ പൊതുപ്രവർത്തനം ദൈവനിയോഗമനുസരിച്ചുള്ള ശുശ്രൂഷയായി കണക്കാക്കി ജാതിമത കക്ഷി ഭേദമെന്യെ എല്ലാ ജനങ്ങൾക്കുമായി സേവനമനു ഷ്ഠിക്കണമെന്ന് ഓർത്തഡോക്സ് സഭാ അദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഓർത്തഡോക്സ് സഭാംഗങ്ങളായ ജനപ്രതിനിധികൾക്ക് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അഞ്ഞൂറിൽ പരം ജനപ്രതിനിധികൾക്കും പത്മശ്രീ കുര്യൻ ജോൺ മേളംപറമ്പിലിനും നൽകിയ സ്വീകരണത്തിൽ സഭാവക ഉപഹാരം നൽകി.അടൂർ കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ അദ്ധ്യക്ഷ പ്രസംഗത്തിൽ മഹാത്മാഗാന്ധിയെ മാതൃകയാക്കി രാഷ്ട്രീയ പ്രവർത്തനത്തെ ആദ്ധ്യാത്മീക തലത്തിലേക്ക് ഉയർത്തണമെന്ന് ആഹ്വാനം ചെയ്തു. മുഖ്യപ്രഭാഷണം നടത്തിയ എസ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ വർത്തമാനകാല വെല്ലുവിളികളെ നേരിടുന്നതിനായി ഓർത്തഡോക്സ് സഭ സമുദായങ്ങളുടെ കൂട്ടായ്മ ഉണ്ടാക്കണമെന്ന് അഭിപ്രായപ്പെട്ടു. സാമൂഹ്യ നീതിക്കുവേണ്ടി ഒരു ധർമ്മ യുദ്ധത്തിൽ രണ്ട് സമുദായങ്ങളും പങ്കാളികളാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിശ്വാസികൾക്കും അവിശ്വാസികൾക്കും യോജിക്കാവുന്ന മേഖലകളിൽ യോജിച്ച് പ്രവർത്തിക്കണമെന്നും അഴിമതിക്ക് എതിരെ അണിനിരക്കണമെന്നും എം. ബി. രാജേഷ് എം. പി. ആശംസാ പ്രസംഗത്തിൽ പറഞ്ഞു. വിശ്വാസികൾക്ക് ദൈവഭയമുള്ളതിനാൽ ഒരു ലക്ഷമണരേഖക്ക് അപ്പുറത്തേക്ക് പോകാനാകില്ലെന്നും വിശ്വാസിയായിരിക്കുകയാണ് ഒരു ജനപ്രതിനിധിക്ക് ഉത്തമമെന്ന് ആശംസ നേർന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ. പറഞ്ഞു. വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, അത്മായ ട്രസ്റ്റി എം. ജി. ജോർജ്ജ് മുത്തൂറ്റ്, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു ജോർജ്ജ്, കോട്ടയം മുൻസിപ്പൽ ചെയർമാൻ സണ്ണി കലൂർ എന്നിവർ പ്രസംഗിച്ചു.



# പരിശുദ്ധ പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതം

പരിശുദ്ധ പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതം

കവിത



മനു ജോൺ, കല്ലൂപ്പാറ

*പമ്പാനദിയുടെ തീരങ്ങൾ തഴുകി*
*പരുമലയെന്നൊരു പുണ്യതീർത്ഥം...*
*ആത്മാവിൽ തൊടുന്നൊരാ സ്നേഹവഴി*
*നൽകിയതോ മലങ്കരയുടെ പുണ്യവാനെ.*
*തേടിയെത്തുന്നതായി ശരണങ്ങളാണെങ്കിലും*
*നേടുന്നതോ പതിനായിരം വരങ്ങളും*
*കോരിച്ചൊരിയാൻ നീട്ടിയ കൈകളിൽ*
*പുണ്യമാം പ്രാർത്ഥനാ ജീവിത കാഴ്ചകൾ*
*നാളേയ്ക്കായൊന്നും കരുതാത്ത ജീവിത-*
*യാഥാർത്ഥ്യത്തിൽ, പട്ടിണി മാത്രമെങ്കിലും*
*നിലയ്ക്കാത്ത യാമപ്രാർത്ഥനകളെന്നും*
*ഊർജ്ജമായി പരണമിച്ചപ്പോഴും*
*എന്നും പ്രാർത്ഥനതൻ നിത്യ ജ്വാലയാൽ*
*ഉരുകി വാർത്ത തൻ പുണ്യദേഹത്തെ*
*പ്രാർത്ഥന നോമ്പുപവാസത്താൽ*
*വെടുപ്പാക്കിയെന്നും താൻ നിത്യവും*
*നിത്യവിശുദ്ധനായ് മാറിയ വിശു-*
*ദ്ധനെന്നും ലഭിച്ചു ദൈവമഹത്വം*
*അത്ഭുതങ്ങളായി മാറിയ സിദ്ധികൾ*
*വെളിപ്പെട്ടതോ വിജാതികൾക്കും.*
*കരയാനായ് വെമ്പുന്ന കണ്ണിനെ*
*തുടയ്ക്കാനായ് നീട്ടിയൊരാ കരങ്ങൾ*
*പുണ്യമാം പ്രാർത്ഥനാ തീർത്ഥം നിറഞ്ഞതും*
*നോമ്പുപവാസത്താലനുഗ്രഹീതവും*
*ആത്മീയ വഴികളിലെപ്പോഴും*
*താങ്ങായി മാറിയ പ്രാർത്ഥനാ ജീവിതം*
*നിലയ്ക്കാത്ത ദുർഘട പാതയി-*
*ലെന്നും വിളക്കായ് ശോഭിക്കുവാൻ വഴിയായെന്നും*
*മുടക്കാതെ യാമപ്രാർത്ഥനയിലെപ്പോഴും*
*നിലയ്ക്കാത്ത കണ്ണീരിൻ നനവായിരുന്നു*
*മടുക്കാത്ത പുരോഹിത വൃത്തിക്കായി*
*നിനയ്ക്കാത്ത രീതിയിൽ പ്രാർത്ഥിച്ച കാഴ്ചകൾ*
*തൂവൽ വെളിച്ചമായെന്നും ആത്-*
*മീയ പരിവേഷകർക്കിന്നും മാതൃക-*
*യായൊരുത്തമനാം വൈദീകനായ്*
*മാറിയ പുണ്യമെ നിനക്കെന്റെ പ്രണാമം.*



# പൂർവ്വികരുടെ നല്ല മാതൃകകൾ പ്രാവർത്തികമാക്കണം –മാർ ദിവന്നാസിയോസ്

പൂർവ്വികരുടെ നല്ല മാതൃകകൾ കുടുംബമെന്ന ആശയത്തിലൂടെ പ്രാവർത്തികമാക്കുവാൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ ആഹ്വാനം ചെയ്തു.

കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയിലെ ആത്മീയ ജീവകാരുണ്യ പ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെന്റിന്റെ കുടുംബസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.പ്രസ്ഥാനത്തിന്റെ കാവൽപിതാവായ പ.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് നടന്ന കുടുംബസംഗമത്തിൽ അഭിവന്ദ്യ ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്തായും പങ്കെടുത്തു. മലങ്കരയുടെ ഭാഗ്യനക്ഷത്രമായ പ.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവയുടെ യശസ് ഉയർത്തുവാൻ തക്കവണ്ണം ഇടവകയ്ക്ക് കൈത്താങ്ങലായി നിന്നു പ്രവർത്തിക്കുവാൻ മാർ യൂലിയോസ് മെത്രാപ്പോലിത്താ ഉദ്ബോധിപ്പിച്ചു. ഇടവക വികാരി ഫാ.ജോസ്മാത്യു, എം.സി.ജോർജ്ജ്, ജോസ് ഡാനിയേൽ, ഫാ.ജോർജ്ജ് സി. വർഗീസ് അഹമ്മദി ഇടവക വികാരി ഫാ.ഏബ്രഹാം പി. ജോർജ്ജ്, ഇടവക ട്രഷറാർ ഉമ്മൻ വി. കുര്യൻ, ഷാജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഡോ.ജോർജ്ജ് ഫിലിപ്പ് മാസ്ററർ ഓഫ് സെറിമണി ആയിരുന്നു. പ്രസ്ഥാനത്തിൽ 25 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന 7 മുതിർന്ന അംഗങ്ങളെ മൊമെന്റോ നൽകി ആദരിച്ചു.



# മലങ്കര സഭയുടെ സൂര്യതേജസ്സ്

**സാമൂഹ്യ തിന്മയ്ക്കും അന്ധവിശ്വാസത്തിനും എതിരായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന ഒരു ആത്മീയയാചാര്യനായിരുന്നു പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി**

**എ.കെ. അമ്പിയിൽ**

മലങ്കരയിലെ ആറാമത്തേയും പൗരസ്ത്യദേശത്തെ 89-ാം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അഞ്ചാം ചരമ വാർഷിക ചടങ്ങുകൾ ഈ മാസം അവസാന ആഴ്ചയിൽ തിരുമേനി കബറടങ്ങിയിരിക്കുന്ന ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തോടു ചേർന്നു മാർ ഏലിയാ ചാപ്പലിൽ വിവിധ പരിപാടികളോടെ ഭക്തിപുരസ്സരം ആഘോഷിക്കുകയാണ്.

1912ൽ കാതോലിക്കാ സ്ഥാപനം മലങ്കരയിൽ പുനസ്ഥാപിച്ചതിനുശേഷമുള്ള ആറാമത്തെ കാതോലിക്ക ആയി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ ആ സ്ഥാനത്തേക്ക് അവരോധിച്ച് പരുമല സെമിനാരിയിൽ വച്ച് 1991 ഏപ്രിൽ മാസം 29ന് ആയിരുന്നു. അതിനുശേഷം ഏതാണ്ടു ഒന്നരപതിറ്റാണ്ടുകാലം നിസ്തുലമായ പ്രവർത്തനം കാഴ്ചവച്ചതിനുശേഷം അനാരോഗ്യം മൂലം 2005 ഒക്ടോബറിൽ തന്റെ പിൻഗാമിയെ ചുമതലകൾ ഏൽപ്പിക്കുകയാണുണ്ടായത്. 1953 മുതൽ കൊല്ലം മെത്രാസനത്തിന്റെ ചുമതലയും, 1980 മുതൽ നിയുക്ത കാതോലിക്കാ ആയും 1991 മുതൽ സഭയുടെ പരമദ്ധ്യക്ഷനായും സേവനം അനുഷ്ഠിച്ച തിരുമേനി 2006 ജനുവരി 26ന് ആണ് നമ്മളിൽ നിന്നും ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടത്.

1915 ജനുവരി 30ന് കൊല്ലം പെരിനാട്ട് പുതുശ്ശേരഴികത്തുവീട്ടിൽ ഇടിക്കുള-അന്നമ്മ ദമ്പതികളുടെ മൂത്തപുത്രനായി ജനിച്ച് ഇഞ്ചവിള എൽ.പി.എസ്., പ്രാക്കുളം എൻ.എസ്.എസ്. ഹൈസ്കൂൾ, പത്തനംതിട്ട ബേസിൽ ദയറ, കോട്ടയം പഴയ സെമിനാരി, കൽക്കട്ട ബിഷപ്സ് കോളജ്, ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടി. ഇരുപത്തി മൂന്നാം വയസ്സിൽ വൈദികനായും മുപ്പത്തിയെട്ടാം വയസ്സിൽ മേല്പട്ടസ്ഥാനത്തേക്കും അവരോധിക്കപ്പെട്ടു. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് കോറൂയോ പട്ടവും മേല്പട്ടസ്ഥാനവും നേടാൻ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ഭാഗ്യം ഉണ്ടായി. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ജീവിതവിശുദ്ധിയും സഭയോടുള്ള കൂറും താല്പര്യവും തന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്നുള്ള വസ്തുത മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി പല അവസരങ്ങളിലും അനുസ്മരിച്ചിട്ടുണ്ടെന്നുള്ളതും ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുകയാണ്. ജീവിത വിശുദ്ധി നിലനിർത്തി സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൂതനായി പ്രവർത്തിച്ച് സഭയ്ക്ക് ധീരമായ നേതൃത്വം നൽകി ഉയർച്ചയിൽ നിന്നും കൂടുതൽ ഉയർച്ചയിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയെ നയിച്ച ഒരു വലിയ ഇടയശ്രേഷ്ഠനെയാണ് പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായിൽ കൂടി നമുക്കു കാണുവാൻ കഴിയുന്നത്. സഭയുടെ ഉന്നമനം കണക്കിലെടുത്ത് സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മുഴുവൻ സമയവും പ്രവർത്തന നിരതനായിരുന്നു തിരുമേനി എന്നത് ഒരു സത്യമാണ്. തിരുമനസ്സിലെ അചഞ്ചലമായ ദൈവവിശ്വാസം, പ്രാർത്ഥനാജീവിതം, വിനയം, കഠിനാധ്വാനം, വിശ്രമരഹിതമായ പ്രവർത്തനം, ലളിതജീവിതം ഈ മഹത്ഗുണങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ സഭയിലെ അംഗങ്ങളുമായി കൂടുതൽ അടുത്തുപെരുമാറണമെന്നും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാവസരം നൽകേണ്ടത് തന്റെ ചുമതലയിൽ ഉപരി കടമയാണെന്നും തിരുമേനി ആത്മാർത്ഥമായി വിശ്വസിച്ചിരുന്നതുകൊണ്ടാണ് പ്രായത്തിനെ അവഗണിച്ചും വിശ്രമം ഇല്ലാതെയും എല്ലാ മെത്രാസനങ്ങളിലും സന്ദർശനം നടത്തി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നതെന്നും തിരുമേനിയുമായി കൂടുതൽ കാലം അടുത്ത് ഇടപഴകാൻ അവസരം ലഭിച്ച ഒരു വ്യക്തി എന്ന നിലയിൽ ഈ ലേഖകന് പ്രസ്താവിക്കുവാൻ കഴിയും.

ആത്മീയമായ ഉയർച്ചയോടൊപ്പം സാമൂഹ്യ പുരോഗതിയും നേടുന്നതിൽ സഭ ശ്രദ്ധിക്കണമെന്നും എങ്കിൽ മാത്രമെ സഭ വളരുകയുള്ളൂ എന്ന വിശ്വാസമാണ് തിരുമേനിയെ നയിച്ചിരുന്നത്. ആത്മീയ ഉന്നതിയും സാമൂഹ്യപുരോഗതിയും ഒരുമിച്ചു കൊണ്ടു പോകണമെന്ന ലക്ഷ്യം മുൻനിർത്തി തിരുമേനി തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതുമായ



രണ്ടു പ്രധാന പദ്ധതികൾ ഭവനസഹായ പദ്ധതിയും വിവാഹസഹായ പദ്ധതിയും അതിന് ഉദാഹരണമായി ചൂണ്ടികാണിക്കുവാൻ സാധിക്കും. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവരുടെ ഉന്നമനം ലക്ഷ്യമിട്ട് രൂപംകൊടുത്ത് വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയ ജീവകാരുണ്യ പദ്ധതികൾ ഇന്നും പിൻഗാമികളുടെ കാലത്തും ഭംഗിയായി തുടരുന്നതുമൂലം അർഹരായ പല സാധുകുടുംബങ്ങൾക്കും ഇതു വളരെ ഏറെ പ്രയോജനപ്പെടുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. പ. മാത്യൂസ്

# യു.കെ.യൂറോപ്പ് –ആഫ്രിക്ക ഭദ്രാസനം പ്രവാസി കുടുംബസംഗമം നടത്തി

മലങ്കര ഓർത്തഡോക്സ് സഭയുടെ യു.കെ. യൂറോപ്പ് ആഫ്രിക്ക ഭ്രദാസനത്തിന്റെ നേതൃത്വത്തിൽ പ്രവാസി കുടുംബസംഗമം നടത്തി.

ഭദ്രാസനത്തിന്റെ കോ-ഓർഡിനേറ്റിങ് സെന്ററായി ചെങ്ങന്നൂരിനടുത്ത് വെൺമണിയിൽ പ്രവർത്തനമാരംഭിച്ച മിനോറ ഓർത്തഡോക്സ് സെന്ററിൽ നടന്ന കുടുംബസംഗമം മലങ്കര സഭാരത്നം അഭിവന്ദ്യ ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പൗലൊസ് മാർ പക്കോമിയോസ്, അഭിവന്ദ്യ ഡോ.സഖറിയാസ് മാർ തെയോഫിലോസ് എന്നീ മെത്രാപ്പോലിത്തമാരും സംബന്ധിച്ചു. ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് സ്വാഗതം ആശംസിച്ചു.

മാഞ്ചസ്റ്റർ സെന്റ് ജോർജ്ജ് ഇടവക സ്വരൂപിച്ച ജീവകാരുണ്യ പ്രവർത്തനഫണ്ട് സഭാമിഷൻ ബോർഡ് പ്രസിഡന്റു കൂടിയായ അഭി.ഒസ്താത്തിയോസ് തിരുമേനിക്ക് കൈമാറി. പ്രവാസികളായ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ജീവകാരുണ്യപ്രവർത്തനം, ആതുരസേവനം, ഓറിയന്റേഷൻ പരിപാടികൾ, കൗൺസിലിങ് ക്ളാസ്സുകൾ എന്നിവ കേന്ദ്രീകരിച്ചു നടത്തുകയെന്നതാണ് മിനോറ ഓർത്തഡോക്സ് സെന്ററിന്റെ ലക്ഷ്യമെന്ന് യു.കെ.യൂറോപ്പ് ആഫ്രിക്ക ഭദ്രാസനാധിപൻ അഭി.ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലിത്ത പറഞ്ഞു.



ദ്വിതീയൻ ബാവാതിരുമേനി നേതൃത്വം നൽകി സഭാതലത്തിൽ ഭവനസഹായപദ്ധതി പ്രാവർത്തികമാക്കിയതു തൊണ്ണൂറുകളുടെ തുടക്കത്തിൽ ആണെങ്കിലും തിരുമേനിയെ സംബന്ധിച്ചിടത്തോളം ഇത് ഒരു പുതിയ പദ്ധതി ആയിരുന്നില്ല. പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി കൊല്ലം മെത്രാസനാധിപനായിരുന്നകാലം തന്നെ ആദർശപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. തിരുമേനിയുടെ 75-ാം ജന്മദിനവും സഹായ മെത്രാൻ അഭിവന്ദ്യ എപ്പിപ്പാനിയോസ് തിരുമേനിയുടെ 60-ാം ജന്മദിനവും പ്രമാണിച്ച് 1990ൽ പാവപ്പെട്ടവർക്ക് വീടു നിർമ്മിച്ച് നല്കാൻ ഒരു പദ്ധതി കൊല്ലം മെത്രാസനം ആസൂത്രണം ചെയ്തിരുന്നു. നിശ്ചിത തീയതിക്കു മുമ്പു തന്നെ ലക്ഷ്യം തേടുകമാത്രമല്ല അതിലും ഉപരിയായി മൊത്തം 156 വീടുകൾ പണിതു നൽകി ആ യജ്ഞം ഒരുവൻ വിജയമാക്കിത്തീർക്കുകയും ചെയ്ത കാര്യവും ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്.

അസാധാരണമായ വ്യക്തിവിശേഷണങ്ങളുടെ ഉടമയായിരുന്നു പ.മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി എന്ന് കാണാവുന്നതാണ്. മറ്റുള്ളവർ തന്നെക്കാൾ യോഗ്യരാണെന്നു കരുതണമെന്ന വി.പൗലോസിന്റെ നിർദ്ദേശം തിരുമേനി പ്രായോഗികമായി അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. വിനയം മഹത്വത്തിന്റെ കിരീടവും ഉറവിടവുമാണെന്ന് തിരുമനസ്സിലെ ജീവിതം തെളിയിച്ചിട്ടുണ്ട്. ഭവന രഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുത്തും രോഗികൾക്കും അനാഥർക്കും സഹായഹസ്തങ്ങൾ നീട്ടികൊടുത്തും യഥാർത്ഥ സുവിശേഷത്തിലൂടെ യേശുക്രിസ്തുവിന്റെ ദൗത്യം നിറവേറ്റി ഓർത്തഡോക്സ് സഭയെ ദീർഘകാലം നയിക്കുവാൻ തിരുമേനിക്ക് അനുഗ്രഹത്തിന്റെ കാലങ്ങളും ഐശ്വര്യത്തിന്റെ സംവത്സരങ്ങളും ലഭിച്ചു എന്നുള്ളത് ഒരു സത്യം മാത്രമാണ്. നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ മലങ്കര സഭയ്ക്ക് നേതൃത്വം നൽകാൻ ദൈവം നൽകിയ ദാനം എന്നാണ് ബാവാ തിരുമേനിയെ വിശേഷിപ്പിക്കേണ്ടത്.

സാമൂഹ്യതിന്മയ്ക്കും അന്ധവിശ്വാസത്തിനും എതിരായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന ഒരു ആത്മീയയാചാര്യനായിരുന്നു മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി. അന്ധവിശ്വാസത്തിനെതിരായി പ്രവർത്തിച്ചതിന് ഉദാഹരണമായി കൊല്ലം അരമനയ്ക്കു സ്ഥലം വാങ്ങിയ കാര്യം ഓർമ്മയിൽ വരികയാണ്. 1962ൽ കൊല്ലം അരമനയ്ക്ക് സ്ഥലം വാങ്ങുന്നതിനെപ്പറ്റി ആലോചിച്ചപ്പോൾ (ഇപ്പോഴത്തെ അരമന) ആ സ്ഥലം വാങ്ങുന്ന ആൾ അകാല മൃത്യുവിന് ഇരയാകുമെന്ന ഒരു അന്ധവിശ്വാസം തിരുമേനിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. തിരുമേനിയുടെ പ്രതികരണം ഞാനങ്ങുപോയാലും വേണ്ടില്ല, നിങ്ങൾക്ക് നല്ലൊരു മെത്രാച്ചനെ കിട്ടും എന്നായിരുന്നു. അതോടൊപ്പം സ്ഥലം വാങ്ങുന്നതിനുള്ള നടപടികളുമായി മുമ്പോട്ടു പോകുകയുമായിരുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ തിരുമേനിയുടെ വിനയം വളരെ ആകർഷണീയമായ ഒരു സവിശേഷതയാണ്. തിരുമേനിക്ക് മാത്യൂസ് എന്ന് മാതാപിതാക്കന്മാർ നൽകിയതും കൂറിലോസ് എന്നത് സഭ നൽകിയതും ബസ്സേലിയോസ് മാർത്തോമ്മാ എന്നത് സ്ഥാനം കൊണ്ട് ലഭിച്ചതുമായ പേരുകൾ ആണെങ്കിൽ ബലഹീനനായ ഞാൻ എന്നത് തിരുമേനി നൽകിയ പേരാണ്. തിരുമേനിയുടെ ലളിതവും വിനയാന്വിതവുമായ ജീവിത ശൈലിയുടെ തെളിവായി ഇതിനെ കാണാവുന്നതാണ്. ബലഹീനനെന്ന് തിരുമേനി പറയുമെങ്കിലും ബലവാനാണ് തിരുമേനി എന്ന് പ്രസംഗത്തിലും പ്രവർത്തിയിലും തെളിയിച്ചു കഴിഞ്ഞതായി മുന്മന്ത്രിയും മേഘാലയ ഗവർണ്ണറുമായിരുന്ന എ.റഹീം കൊല്ലത്തൊരു യോഗത്തിൽ പ്രസ്താവിച്ച വിവരം ഓർത്തുപോവുകയാണ്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രധാനവക്താവായിരുന്നു പരിശുദ്ധ ബാവാ തിരുമേനി. നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ പ്രശ്നത്തിൽ തിരുമേനിയുടെ ക്രിസ്തീയ ദർശനത്തോടുകൂടിയുള്ള സന്ദർഭോജിതമായ നടപടികൾ മൂലം അപകടമായിരുന്ന ഒരു മതസംഘർഷം ഒഴിവാക്കാൻ സാധിച്ചു എന്നത് ഏവർക്കും അറിവുള്ള കാര്യമാണ്. സമുദായ മൈത്രിയും മതേതരത്വവും സമൂഹത്തിന്റെ നന്മയ്ക്കും രാഷ്ട്രപുരോഗതിക്കും അനിവാര്യമാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ തിരുമേനി വ്യാപൃതനുമായിരുന്നു. സാമൂഹ്യ നീതിയും ബാഹ്യപ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്നുള്ളതിനാൽ അത് നേടിയെടുക്കത്തക്ക വിധത്തിലുള്ള പ്രവർത്തന ശൈലിയും തിരുമേനിയുടെ കൈമുതലായിരുന്നു.

പരിശുദ്ധ തിരുമേനിയാൽ വളർത്തിയെടുക്കപ്പെട്ട അനേകം സ്ഥാപനങ്ങൾ സഭയിൽ ഉടനീളം കാണുവാൻ കഴിയും. സ്കൂൾ, കോളജ്, ദയറാ, മഠം, ആശുപത്രി, പള്ളികൾ എന്നിങ്ങനെ ആ പട്ടിക നീളും. സഭയുടെ വളർച്ചയ്ക്ക് ഈ സ്ഥാപനങ്ങൾ വളരെയേറെ സഹായിക്കുന്നു എന്ന വസ്തുത നമുക്ക് വിസ്മരിക്കാൻ സാധ്യമല്ല. വിദ്യാഭ്യാസ രംഗത്ത് പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്ന തിരുമേനി അനേകം സ്കൂളുകളും പ്രൊഫഷണൽ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവസാനമായി പീരുമേട്ടിലും ശാസ്താംകോട്ടയിലും ഓരോ എൻജിനീയറിംഗ് കോളേജും സ്ഥാപിച്ചു. കൂടാതെ ഐ.എ.എസ്., ഐ.പി.എസ്. മുതലായ കേന്ദ്ര തലത്തിലുള്ള വിവിധ മത്സര പരീക്ഷകളിൽ വേണ്ട പരിശീലനം നൽകുന്നതിലേക്ക് തിരുവനന്തപുരത്ത് സിവിൽ സർവ്വീസ് അക്കാദമി സഭയുടെ നേതൃത്വത്തിൽ തിരുമേനി മൻകൈയെടുത്ത് തുടങ്ങിയതും മറ്റും സഭയ്ക്ക് അഭിമാനിക്കാൻ വകനൽകുന്ന കാര്യമാണ്.

ദൈവചൈതന്യം തിരുമേനിയിൽ കൂടിയും സഭയിൽ കൂടിയും മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതിന് തിരുമേനി അക്ഷീണം പ്രവർത്തിച്ചിരുന്നു എന്നത് സത്യമാണ്. തിരുമേനിക്ക് 80 വയസ്സ് പൂർത്തിയാക്കിയപ്പോൾ 1995ൽ ജന്മദിനാശംസകൾ നേരാൻ എത്തിയവരോട് സഭകളുടെ ഐക്യത്തെയും മനുഷ്യസ്നേഹത്തെയും പറ്റി സംസാരിച്ചത് അടിയിൽ വിവരിക്കും പ്രകാരമാണ്.

ഇന്നേവരെ ദൈവം നടത്തി ഇന്നും നടത്തുന്നു ഞാനൊരു പൂജ്യമാണ്. ദൈവം തന്നത് തരുന്നത് തരാൻ പോകുന്നത്. അല്ലാതെ സ്വന്തമായി എനിക്കൊന്നുമില്ല. ദൈവ സ്നേഹത്തോടുകൂടി എന്റെ ശിഷ്ടായുസ്സ് പൂർത്തിയാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു എത്രമാത്രം ഞാൻ ഉപയോഗിക്കപ്പെടുന്നുവോ ദൈവകൃപയാൽ സാധ്യമാകുന്നുവോ അതുമാത്രമാണ് ജീവിതത്തിന്റെ കൃതാർത്ഥത. ദൈവം സ്നേഹമാകുന്നു. സ്നേഹം പോയാൽ ദൈവം ഇല്ലാതെയാകുന്നു. ജീവിതത്തിന്റെ പൂർണ്ണത നഷ്ടപ്പെടുന്നു. ദൈവം എങ്ങനെയോ എന്നെ ഇവിടേയ്ക്ക് പിടിച്ചു നടത്തി. എന്റെ ഒന്നുമില്ലായ്മയിൽ ദൈവം എന്റെ എല്ലാമായിത്തീർന്നു. എന്റെ കഴിഞ്ഞ ജീവിതത്തിന്റെ ആകെത്തുക അതാണ്.

ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ടാണ് തിരുമേനി സഭയുടെ ചുക്കാൻ പിടിച്ചിരുന്നത് എന്ന് മുകളിൽ വിവരിച്ചതിൽ നിന്നും വ്യക്തമാണ്. ദൈവമെല്ലാറ്റിനും മതിയായവനെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനശൈലിക്കുമായി മുമ്പോട്ടു പോകുകയും ചെയ്തിരുന്ന തിരുമേനിയുടെ ജീവിതം ഏവർക്കും പ്രചോദനം നൽകുന്ന ഒന്നാണെന്ന് പറയുവാൻ കഴിയും.

ഏതാണ്ട് 15 വർഷക്കാലം സഭയുടെ പരമാദ്ധ്യക്ഷസ്ഥാനം വഹിച്ച പ.മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിക്ക് വളരെ ചുരുക്കം ആത്മീയ ആചാര്യന്മാർക്ക് ലഭിക്കുന്ന ഒരവസരം 2003ൽ കോട്ടയത്തുവച്ച് ആഘോഷിച്ച മെത്രാൻസ്ഥാനാഭിഷേക സുവർണ്ണ ജൂബിലി മുഖേന നേടാൻ സാധിച്ചു എന്നത് ഒരു ദൈവനിയോഗമായി കരുതാം. ഏറ്റവും കൂടുതൽ കാലം മേൽപട്ടക്കാരനായി കഴിഞ്ഞു



എന്ന റിക്കാർഡാണ് പരിശുദ്ധ ബാവാ തിരുമേനി കരസ്ഥമാക്കിയത്. സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ തിരുമേനി നടത്തിയ മറുപടി പ്രസംഗത്തിൽ സഭാസമാധാനത്തെപ്പറ്റി പ്രതിപാധിച്ചത് ഇപ്രകാരമാണ്.

വിശുദ്ധമായ ഒരു ജീവിതം നയിക്കുവാൻ ശ്രമിച്ചപ്പോഴും ഒരിക്കലും ശാന്തിലഭിക്കാതെ വേദനയാർന്ന ഒരു മനസ്സ് ഇന്നും നമ്മിലുണ്ട്. അത് മറ്റൊന്നുമല്ല. നാം ജനിക്കുന്നതിനു മുമ്പുതന്നെ സഭയിലാരംഭിച്ച വഴക്കും കേസുമാണ് നമ്മുടെ ശുശ്രൂഷാഘട്ടത്തിൽ സഭയിൽ ശാന്തിയും സമാധാനവും ഉണ്ടായികാണാൻ നാം മതിയായി ആഗ്രഹിച്ചു അതിനായി നമ്മാൽ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തു എന്നത് ഭാരതത്തിലെ പരമോന്നത കോടതിക്കും കേരളത്തിലെ മതാധ്യക്ഷന്മാർക്കും സാംസ്കാരിക നായകന്മാർക്കും രാഷ്ട്രീയ നേതാക്കന്മാർക്കും ബോധ്യം ഉണ്ടെന്നാണ് നാം കരുതുന്നത്. നാം സമാധനപ്രിയരായത് ഇന്നു പലരും ചൂഷണം ചെയ്യുന്നു എന്നത് സങ്കടപൂർവ്വം നാം ഓർക്കുന്നു. അനീതിയിലും അക്രമണത്തിലും കൂടി സ്വന്തരാജ്യങ്ങളും നാടും നഗരവും ബന്ധുമിത്രാധികളും നഷ്ടപ്പെട്ട ധർമ്മ പുത്രരുടെ മാനസികാവസ്ഥയാണ് നമുക്കുള്ളത്. അനീതിയാണ് എന്നറിഞ്ഞുകൊണ്ടും നിശബ്ദനായി അതിനെ സ്വയം ഏൽപ്പിച്ചുകൊടുക്കുന്ന ധർമ്മപുത്രർ-അധാർമികമായി നിയമരഹിതമായി നിലവിലുള്ള പ്രത്യശാസ്ത്രങ്ങളെ ദുരൂപയോഗപ്പെടുത്തിയ ഭീഷ്മർക്കും ദ്രോണാചാര്യർക്കും ഉണ്ടായ അപചയം സഭയുടെ നിയമയുദ്ധത്തിൽ നീതിപരമായി പ്രവർത്തിക്കുന്നവർക്കും ഉണ്ടാകും എന്നത് തർക്കമറ്റസംഗതിയാണ്.

സഭയിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്നുള്ള ആഗ്രഹമാണ് തിരുമേനിക്കുണ്ടായിരുന്നത് എന്നകാര്യം മുകളിൽ വിവരിച്ചിരിക്കുന്ന കാര്യം വ്യക്തമാണ്.

വിശുദ്ധികൊണ്ടും വിജ്ഞാനം കൊണ്ടും സഭാമക്കളെ തന്നിലേക്ക് ആകർഷിക്കുകയാണ് ഉണ്ടായത്. നിഷ്കളങ്കതയാണ് തിരുമേനിയുടെ മുഖമുദ്ര, തിരുമേനിയുടെ യഥാർത്ഥ ശക്തി ജീവിതത്തിലെ സുതാര്യതതന്നെയായിരുന്നു. മലങ്കര സഭയ്ക്ക് പ്രകാശപൂർണ്ണമായ നേതൃത്വം നൽകി സ്നേഹസുരഭിലമായ ശുശ്രൂഷയിലൂടെ സഭയെ നയിച്ച വലിയപിതാവായിരുന്നു ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി. പരി. തിരുമേനിയുടെ സാന്നിധ്യം നിറയുന്ന ശാസ്താംകോട്ടയിലെ മൗണ്ട് ഹോറേബ് ആശ്രമചാപ്പൽ പുണ്യഭൂമിയായി മാറിയിരിക്കുകയാണ്. അവിടെ വിശുദ്ധി വിതറുന്ന തിരുമേനിയുടെ കബറിടം വന്ദിച്ച് പ്രാർത്ഥിച്ച് ആത്മനിർവൃതിയോടെ അനേകർ മടങ്ങുന്നു.

മലങ്കര സഭയുടെ സൂര്യതേജസ്സായി പ്രശോഭിച്ച കർമ്മോത്സുതനായിരുന്ന പരിശുദ്ധ ബാവാ തിരുമേനിയുടെ പാവന സ്മരണയ്ക്കു മുന്നിൽ ഭക്താദരവിന്റെ പ്രണാമം അർപ്പിക്കുന്നു.

# യുവാക്കളുടെ വളർച്ചയും ലക്ഷ്യവും



**ഫാ. സ്റ്റീഫൻ വർഗ്ഗീസ്**
*(ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം)*

സമൂഹത്തിലെ പുരോഗതിയുടെ വശങ്ങളിൽ എക്കാലവും യുവാക്കളുടെ പങ്ക് നിസ്സീമമാണ്. മാനവ ചരിത്രത്തിൽ സാമൂഹ്യ നന്മ ലക്ഷ്യമാക്കി പ്രസ്ഥാനങ്ങളും ആശയങ്ങളും രൂപപ്പെടുമ്പോൾ അതിന്റെയൊക്കെ ചാലകശക്തിയായി യുവാക്കൾ എന്നും കൂടെയുണ്ട്. രാഷ്ട്രീയ സംവിധാനങ്ങളിൽ ഉള്ള പങ്കാളിത്തം, സാംസ്ക്കാരിക മണ്ഡലങ്ങളിലെ നേതൃത്വം, അറിവിന്റെ ലോകത്തിലേക്ക് ആഴത്തിൽ വേരുന്നാനുള്ള ജിജ്ഞാസ, സേവന മണ്ഡലങ്ങളിൽ അതിവേഗം കർമ്മോജ്വലമായി പ്രവർത്തിക്കാനുള്ള സമർപ്പണം ഇവയൊക്കെ യുവാക്കളുടെ ജീവിതത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന പ്രത്യേകതകളാണ്. ലോക ചരിത്രത്തിൽ നേതാക്കന്മാരായി ഉയർന്നു വന്നിരിക്കുന്നവരുടെ ജീവിതത്തിലേക്ക് നോക്കുമ്പോൾ യൗവ്വന കാലഘട്ടത്തിലെ നല്ല ദിശാബോധം ആണ് അവരെ നാം അറിയുന്ന നേതാക്കന്മാരായി വളരാൻ കാരണമായിട്ടുള്ളത്. രാജാറാം മോഹൻദാസ്, സ്വാമി വിവേകാനന്ദൻ, സുഭാഷ് ചന്ദ്രബോസ്, മഹാത്മാഗാന്ധി എന്നിവരുടെ ആശയങ്ങളും ലക്ഷ്യങ്ങളും പ്രകടമായത് യൗവ്വനത്തിന്റെ പ്രസരിപ്പിലാണ്.

ആത്മീയ നേതൃത്വത്തിലേക്ക് നോക്കുമ്പോൾ സഭാ ചരിത്രത്തിലും വർത്തമാന കാലഘട്ടത്തിലും ആത്മീയതയുടെ വലിയ പ്രഭാവലയങ്ങൾ രൂപം കൊള്ളുന്നത് യൗവ്വനത്തിൽ എടുക്കുന്ന സുധീരമായ തീരുമാനം നിമിത്തമാണ്. മഹാത്മാഗാന്ധി ഇതിനെ ആത്മീയതയിലെ ധീരത എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ആത്മീയ മണ്ഡലങ്ങളിൽ ധീരമായ തീരുമാനം ഉള്ളവർക്ക് സമൂഹത്തിൽ വ്യതിരിക്തമായ വ്യക്തിത്വം സൃഷ്ടിക്കാൻ സാധിക്കും. സഭയുടെയും രാഷ്ട്രീയത്തിന്റെയും വളർച്ചയിൽ യുവാക്കൾക്ക് എങ്ങനെ പങ്കാളികളാകാം എന്ന് ചില ആശയങ്ങളിലൂടെ സൂചിപ്പിക്കട്ടെ.

**1. യുവാക്കളുടെ മാതൃകകളെ തിരയുന്നവരാകാതെ സ്വയം മാതൃകയുള്ളവരാകുക**

ജീവിതത്തിന്റെ വളർച്ചയിൽ മറ്റുള്ളവരെ നിരീക്ഷിക്കാനും നന്മതിന്മകളെക്കുറിച്ച് വിചിന്തനം ചെയ്യാനും കഴിവുള്ള സമൂഹമാണ് യുവാക്കൾ. എന്നാൽ എപ്പോഴും മറ്റുള്ളവരെ അനുകരിക്കാൻ ശ്രമിക്കുമ്പോൾ നല്ല മാതൃകകൾ ഞങ്ങൾക്കില്ല എന്ന് നിരാശയോടെ ആശയങ്ങൾ പങ്കിടുന്നതായി കാണാം. രാഷ്ട്രീയത്തിലും ആത്മീയതയിലും അത് ലഭ്യമല്ല എന്ന് ഇക്കൂട്ടർ ചിന്തിക്കുന്നുണ്ട്. എന്നാൽ സ്വയം ജീവിതത്തിൽ മൂല്യങ്ങൾക്ക് സ്ഥാനം നൽകി വിദ്യാഭ്യാസത്തിലും ആശയങ്ങളിലും നല്ല ലക്ഷ്യബോധം കരുപിടിപ്പിക്കാൻ കഴിയുമ്പോൾ സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ സാധിക്കും. വ്യക്തി രൂപാന്തരപമാണ് സമൂഹത്തിന്റെ നന്മയ്ക്ക് അടിസ്ഥാനം എന്ന് തിരിച്ചറിയുന്നിടത്ത് മാത്രമെ പദ്ധതികൾക്ക് പൂർണ്ണ വിജയം കരഗതമാക്കാൻ സാധിക്കു. മനുഷ്യൻ സ്വയം നന്നാകാനുള്ള തീരുമാനമാണ് ആത്മീയതയിലെ വലിയ ധൈര്യം. ഭൂപടം പല കഷണങ്ങളാക്കിയ ഒരു കുട്ടിയുടെ കഥ കേട്ടിട്ടുണ്ടല്ലോ. പലർ ചേർന്ന് ശ്രമിച്ചിട്ടും വലിച്ചുകീറിയ കഷണങ്ങൾ ചേർത്ത് ഭൂപടത്തിന്റെ ആകൃതി രൂപപ്പെടുത്തി എടുക്കാൻ സാധിച്ചില്ല. എന്നാൽ ആ കുട്ടിതന്നെ വളരെ പെട്ടെന്ന് അത് ചേർത്തുവച്ച് പഴയ ആകൃതിയിലേക്ക് ഭൂപടത്തെ എത്തിച്ചു. ഇതെങ്ങനെ സാധിച്ചു. കഷണങ്ങളാക്കിയ ഭൂപടത്തിന്റെ മറുവശം മനുഷ്യന്റെ രൂപമായിരുന്നു. ഈ മനുഷ്യരൂപത്തിന്റെ കഷണങ്ങൾ ഒന്നിച്ച് ചേർത്ത് വച്ചപ്പോൾ ഭൂപടം വളരെ പെട്ടെന്ന് രൂപീകരിക്കാൻ സാധിച്ചു. മനുഷ്യൻ നന്നായാൽ ചുറ്റുപാടും സമൂഹവും നന്മയിലേക്ക് കടന്നുവരും എന്ന് യുവാക്കൾ പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. പ്രസിദ്ധമായ കവിവാക്യം യുവാക്കൾക്ക് പ്രചോദനം നൽകും എന്ന് വിശ്വസിക്കുന്നു.

*ലോകത്തുള്ള സമസ്തദോഷവു*
*മകറ്റി ജീവിതത്തിൽപെടും*
*ശ്ലോകം സർവ്വമൊഴിച്ച് കാടഖിലവും*
*തോട്ടങ്ങളായ് തീർത്തുടൻ*
*ആകെശ്ശൂന്യമരുസ്ഥലങ്ങളെ മലർ*
*ക്കാടാക്കി മാറ്റിടുവാൻ നീ കാംക്ഷിച്ചതു സാദ്ധ്യമാം*
*സഹജ നിന്നെതന്നെ നന്നാക്കുകിൽ*

സ്വയം മാതൃകയുള്ളവരായി വളർന്ന് നമുക്ക് സഭയേയും രാഷ്ട്രത്തെയും പുരോഗതിയിലേക്ക് നയിക്കാം.

**2. വെല്ലുവിളികളെ ഏറ്റെടുക്കണം, ഒളിച്ചോടുന്നവരാകരുത്**

പ്രശ്നങ്ങൾ ഇല്ലാത്ത മനുഷ്യരും സമൂഹവും ഇല്ല. പക്ഷെ അത് അതിജീവിക്കാനുള്ള കരുത്താണ് ഒരു യുവാവിന് ഏറ്റം ആവശ്യം, കായബലവും ശക്തിപ്രകടനവും അല്ല ഇതിന് അടിസ്ഥാനമാക്കേണ്ടത്. തന്ത്രങ്ങളും ആസൂത്രണശൈലിയും ചടുലമായ വേഗത്തിൽ ഒരു യുവാവിൽ സമ്മേളിക്കുമ്പോൾ തിന്മയെ പരാജയപ്പെടുത്തുവാൻ സാധിക്കും. എന്നാൽ നാം ഇന്ന് ഉപയോഗിക്കുന്ന തന്ത്രങ്ങളും ബുദ്ധിയും നന്മയുടെ പക്ഷത്തേക്ക് എത്താറില്ല എന്നതാണ് പ്രധാന പ്രശ്നം. പ്രശ്നങ്ങൾ, പ്രതിസന്ധികൾ എന്നിവ കടന്നു വരുമ്പോൾ ഒളിച്ചോടുന്ന സമൂഹം വർദ്ധിക്കുകയാണ്. ഇത് കുടുംബപ്രശ്നങ്ങളിലും കാണാൻ സാധിക്കും.

തന്ത്രം എന്ന് കേൾക്കുമ്പോൾ നെഗറ്റീവ് ആയ ചിന്താഗതികളാണ് നമ്മിൽ രൂഢമൂലമാകുന്നതെങ്കിൽ വിജയത്തിലേക്ക് എത്താൻ പ്രയാസമാകും. പുസ്തകത്തിൽ വായിച്ചത് ഓർക്കുന്നു - മര്യാദയ്ക്ക് ചെലവൊട്ടും വരില്ല, പക്ഷേ അതുകൊണ്ട് എല്ലാം വാങ്ങാം. ഇത് നമ്മുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്.

സഭയുടെ മണ്ഡലങ്ങളിൽ യുവാക്കൾ പങ്കാളികളാകുമ്പോൾ കായബലവും ശക്തിപ്രകടനവും കാണിക്കാൻ യത്നിക്കുമ്പോൾ അതിനേക്കാളേറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞെടുക്കേണ്ടതും വളരെ അത്യാവശ്യമാണ്. യേശുതമ്പുരാൻ പഠിപ്പിക്കുന്നുണ്ട് - നിങ്ങൾ പാമ്പിനെ പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയിരിപ്പിൻ. പാമ്പിന്റെ ബുദ്ധി എന്നത് അപകടങ്ങളെ മുൻകൂട്ടി അറിയുവാനുള്ള കഴിവാണ്. ഇത് ഒരു യുവാവിൽ വളർന്ന് വന്നാൽ പ്രശ്നങ്ങളിൽ ഒളിച്ചോടാത്ത നിലപാടുകൾ എടുക്കാനും അതിൽ ഉറച്ച് നിൽക്കാനും സാധിക്കും. ആദർശങ്ങളാണ് വെല്ലുവിളികൾ ഏറ്റെടുക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. ജീവിതത്തിൽ പ്രത്യേകമായ ആദർശങ്ങൾ മൂല്യബോധങ്ങൾ കാത്തുസൂക്ഷിക്കുന്നവർക്ക് സഭയുടെ വളർച്ചയിലും രാഷ്ട്രത്തിന്റെ വളർച്ചയിലും നേതൃത്വം കൊടുക്കാൻ സാധിക്കും.

വ്യക്തിപരമായ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടുന്ന വ്യക്തിത്വങ്ങൾക്ക് സമൂഹത്തിൽ എങ്ങും എത്തിച്ചേരാൻ സാധിക്കില്ല എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇടവകയുടെ പുരോഗതിയിൽ, സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ യുവാക്കൾ പങ്കാളികളാകുമ്പോൾ അവിടെയുള്ള പ്രശ്നങ്ങൾ വലുതാക്കാനല്ല യത്നിക്കേണ്ടത്. തന്ത്രപരമായ നിലപാടുകൾ എടുത്ത് സഭയുടെ യശസ്സ് ഉയർത്തുവാൻ സാധിക്കണം.

യുവസമൂഹത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും ആവശ്യം സ്വയം നന്നാകാനുള്ള മനസ്സും പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാത്ത ധൈര്യവും ഉണ്ടാകണം. അനുവാചക ഹൃദയങ്ങളിൽ ഈ ആശയത്തിന് ആഴവും വ്യാപ്തിയും വ്യാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

## മാർ ബസേലിയോസ് പ്രസംഗ മത്സര വിജയികൾ



പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുസ്മരണാർത്ഥം കുറിച്ചി വലിയ പള്ളിയിൽ നടത്തപ്പെട്ട അഖില മലങ്കര പ്രസംഗ മത്സരത്തിൽ മിതാ ആൻ തമ്പി (കുറിച്ചി വലിയപള്ളി, കോട്ടയം) ഒന്നാം സ്ഥാനവും, ജോൺ കെ. ജേക്കബ് (സെന്റ് ജോർജ് ചർച്ച്, മുത്തൂർ, നിരണം) രണ്ടാം സ്ഥാനവും, സ്നേഹാ സൂസൻ വർഗീസ് (സെന്റ് തോമസ് ചർച്ച്, പൊങ്ങന്താനം, കോട്ടയം) മൂന്നാം സ്ഥാനവും നേടി

മലങ്കരസഭയും ഗീവർഗീസ് ദ്വിതീയൻ ബാവായും എന്നതായിരുന്നു പ്രസംഗ വിഷയം. പ. പൗലോസ് ദ്വിതീയൻ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. തോമസ് പി. സഖറിയാ മുഖ്യ വരണാധികാരിയായും, പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സെക്രട്ടറിയായിരുന്ന ഫാ. റ്റി. എം. സഖറിയ, U.S.A.യും, ബസേലിയോസ് കോളജ് അധ്യാപകൻ പ്രൊഫ. തോമസ് കുരുവിളയും മറ്റു വിധികർത്താക്കളുമായിരുന്നു. വിജയികൾക്കുള്ള ക്യാഷ് പ്രൈസ് 2011 ജനുവരി 3 ന് പെരുന്നാൾ ദിവസം പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ വിതരണം ചെയ്തു.

## വിജ്ഞാനത്തിന്റെ അരാഷ്ട്രീയവൽക്കരണം പ്രശ്നം – ഡോ. രാജൻ ഗുരുക്കൾ



വിജ്ഞാനത്തിന്റെ അരാഷ്ട്രീയവൽക്കരണമാണ് നമ്മുടെ സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും നേരിടുന്ന വലിയപ്രശ്നമെന്ന് എം. ജി. സർവകലാശാല വൈസ് ചാൻസലർ ഡോ.രാജൻ ഗുരുക്കൾ പറഞ്ഞു.കാതോലിക്കേറ്റ് കോളേജിൽ മാർ യൗസേബിയോസ് സ്മാരക പ്രഭാഷണം ഉദ്ഘാടനം ചെയ്യുകയയായിരുന്നു അദ്ദേഹം. അറിവ് രാഷ്ട്രീയവത്കരിക്കുക എന്നതിനെ അറിവിന്റെ സാമൂഹ്യവ്യാപനമായി തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു. അഭി.കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷനായിരുന്നു. അഭി.ഡോ.സഖറിയാസ് മാർ അപ്രേം മാർ യൗസേബിയോസ് സ്മാരക പ്രഭാഷണം നടത്തി. മാർ യൗസേബിയോസ് ഗ്രേസ് ഫൗണ്ടേഷന്റെ ഉദ്ഘാടനം അഭി. ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലിത്ത നിർവഹിച്ചു. കാതോലിക്കേറ്റ് കോളേജ് ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡുകൾ ഡോ.രാജൻ ഗുരുക്കൾ സമ്മാനിച്ചു. മികച്ച വിദ്യാഭ്യാസ വിചക്ഷണനുള്ള മാർ യൗസേബിയോസ് കാതോലിക്കേറ്റ് അവാർഡ് കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ.കെ.എം.ജോർജ്ജിനും യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർത്തഡോക്സ് ക്രിസ്ത്യൻ അസോസിയേഷൻ ഏർപ്പെടുത്തിയ മികച്ച അധ്യാപകനുള്ള മാർ പീലക്സിനോസ് കാഷിറോ അവാർഡ് ഡോ.ഷാജി വർഗീസിനും നൽകി. കോളേജ് പ്രിൻസിപ്പൽ ഡോ.ജോർജ് വർഗീസ് കൊപ്പാറ രചിച്ച ജൈവം ജീവനം പുസ്തക പ്രകാശനവും വൈസ് ചാൻസലർ നിർവഹിച്ചു. അഭി.കുര്യാക്കോസ് മാർ ക്ലിമ്മിസ് ആദ്യ പ്രതി ഏറ്റുവാങ്ങി. പോളിമർ കെമിസ്ട്രിയിൽ യു.എസ്. പേറ്റന്റ് നേടിയ കാതോലിക്കേറ്റ് കോളേജ് പൂർവ വിദ്യാർത്ഥി ഡോ.രഞ്ജിത് കൃഷ്ണ പൈ, എം.ജി.സർവകലാശാല സെനറ്റ് അംഗങ്ങളായി തെരഞ്ഞെടുത്ത പ്രഫ.രാജു വർഗീസ്, പ്രഫ.റെനി വർഗീസ് എന്നിവരെ അനുമോദിച്ചു. എം.ജി. സർവകലാശാല പരീക്ഷാ കൺട്രോളർ ഡോ.തോമസ് ജോൺ മാമ്പ്ര, പ്രഫ. ജി.ജോൺ, പ്രഫ.വി.ഐ.ജോസഫ്, ഫാ.കുര്യൻ ഡാനിയേൽ, ഷാജി മഠത്തിലേത്ത്, ബാബുജി ഈശോ, ഡോ.മേരി വർഗീസ്, പ്രഫ.കുഞ്ഞന്നാമ്മ ജോൺ, പ്രഫ.എലിസബത്ത് ജോർജ്ജ്, ഡോ.വി.രാജീവ് എന്നിവർ പ്രസംഗിച്ചു.

## സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം – മാർ ക്രിസോസ്റ്റം




സഭകളെ ഒരു കുടക്കീഴിൽ സമന്വയിപ്പിക്കുക എന്ന വിശാലവീക്ഷണത്തെ കാലഘട്ടത്തിന്റെ ആവശ്യമാക്കി ഇന്നിന്റെ സാധ്യതകളായ യുവജനങ്ങൾ എക്യൂമെനിസത്തിലൂടെ വളർത്തിയെടുക്കണമെന്ന് ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത യുവജനങ്ങളോട് ആഹ്വാനം ചെയ്തു. ക്രൈസ്തവ സഭകളുടെ കൂട്ടായ്മ ഭാഷകളുടെയും രാജ്യങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ച് എല്ലാ സഭകളുടെയും സമ്മേളന വേദിയായി വളരണമെന്ന് മെത്രാപ്പോലിത്ത പറഞ്ഞു. കേരള ചർച്ചസ് ഓഫ് ഗൾഫ് സോൺ എക്യുമെനിക്കൽ യുവജനസംഗമം എസ്പറൻസാ 2011 (Esperenza 2011) ദുബായ് ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർത്തോമ്മാ മെത്രാപ്പോലിത്ത.

മണ്ണിൽനിന്നും മനുഷ്യനെ സൃഷ്ടിച്ച ദൈവം ദൈവത്തിന്റെ ആത്മാവിനെ മനുഷ്യനിലേക്ക് ആവാഹിച്ചപ്പോൾ മനുഷ്യൻ മനുഷ്യനായിത്തീർന്നു. മനുഷ്യൻ ദൈവവുമായി ബന്ധപ്പെടുമ്പോൾ മാത്രമാണ് യഥാർത്ഥ മനുഷ്യനാകുന്നത്. സത്യം അറിയണം സത്യത്തെ കേൾക്കണം, കണ്ടുപിടിക്കണം, വിവേചിച്ചറിയണം. വെളിച്ചമായി ദൈവത്തിലൂടെ മാത്രമേ യഥാർത്ഥ സത്യത്തെ മനസ്സിലാക്കുവാൻ കഴിയുകയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു. യുവജനങ്ങൾ സാമൂഹ്യപ്രതിബദ്ധതയുള്ളവരാകണമെന്നും യാഥാർത്ഥ്യത്തോട് ക്രിയാത്മകമായി പ്രതികരിച്ച് നാളെയുടെ പ്രതീക്ഷകളായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. കെ.സി.സി. ഗൾഫ് സോൺ പ്രസിഡന്റ് ഫാ. ബിജു പി. തോമസ് അദ്ധ്യക്ഷത വഹിച്ചു. ആംഗ്ളിക്കൻ സഭ മലങ്കര ഭദ്രാസന ബിഷപ് ജോൺ ജോസഫ്, റവ. വി.കുഞ്ഞുകോശി, റവ.സഖറിയ അലക്സാണ്ടർ, ഫാ.പത്രോസ് ജോയി, റവ.തോമസ് കുര്യൻ, ഫാ.ഏബ്രഹാം കോശി, സോണൽ സെക്രട്ടറി ജോബി ജോഷ്വാ, ട്രഷറാർ സോളമൻ ഡേവിഡ്, ലീൻ ജോൺ, സ്റീവ് തോമസ് എന്നിവർ പ്രസംഗിച്ചു.

ഷിബു മാത്യു, സുബിൻ ജോസഫ്, ഇബു കുര്യൻ, സിമി ലിൻ, ബറിൻ നൈനാൻ, സുമി ജോൺ, ആൻജിന ജോൺ എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ സഭകളിലെ യുവജനങ്ങളുടെ വിവിധ കലാപരിപാടികൾ സമ്മേളനത്തോട് അനുബന്ധിച്ച് നടത്തപ്പെട്ടു. യൂത്ത് കമ്മീഷൻ ഗൾഫ് സോൺ ഭാരവാഹികളായി റവ.സഖറിയ അലക്സാണ്ടർ (പ്രസിഡന്റ്), ഈബു കുര്യൻ (സെക്രട്ടറി),സ്റ്റീവ് തോംസൺ, ഷോൺ വിശാൽ, ആൻജിന ജോൺ, സുബിൻ ജോസഫ്, സോളമൻ തോമസ് എന്നിവർ കൺവീനർമാരായും വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

## തീർത്ഥാടകർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് തുമ്പമൺ എം.ജി.ഒ.സി.എസ്.എം സ്മൃതി സംഗമം നടത്തി

പുൽമേട് ദുരന്തത്തിൽ മരിച്ച ശബരിമല തീർത്ഥാടകർക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ തുമ്പമൺ ഭദ്രാസനം മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർഥി പ്രസ്ഥാനം (എം.ജി.ഒ.സി.എസ്.എം) സ്മൃതി സംഗമം നടത്തി. ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്നും അയ്യപ്പൻമാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് സർക്കാരിന്റെ പ്രധാന ചുമതലയാണെന്നും മെത്രാപ്പോലീത്ത പറഞ്ഞു.102 അയ്യപ്പൻമാരെ സ്മരിച്ച് അത്രയും മെഴുകുതിരികൾ കത്തിച്ച് കുട്ടികൾ പ്രാർത്ഥിച്ചു. കതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ജേക്കബ് കൊച്ചേരി അധ്യക്ഷത വഹിച്ചു. ഫാ.ജോൺസൺ കല്ലിട്ടതിൽ, ഫാ.രാജുഡാനിയേൽ, ഫാ.റോയി പി.തോമസ്, ഫിലിപ്പ് വർഗീസ്, എം.ജി.ഒ.സി.എസ്.എം. ഭദ്രാസന സെക്രട്ടറി ബാബുജി ഈശോ, വിനോദ് രാജു, സാലിമേരി, ജി.എം.ജോർജ്, ബ്ലസൻ പി. ജോർജ്, അഖില സാജൻ, ലിജോ ജോഷ്വ എന്നിവർ പ്രസംഗിച്ചു.



Malankara Orthodox Syrian Church, Kottayam, Chief Editor: Fr. Dr. Reji Mathew, Managing Editor: Rev. Yuhanon Ramban
Layout & Design: Anup Pullamvilallil, Published at Parumala Seminary, Phone: 0479 23112202